# പതിനാലാം കേരള നിയമസഭ

# (FOURTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി IX
## (SUBJECT COMMITTEE IX)

## തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും

## (LOCAL ADMINISTRATION, RURAL DEVELOPMENT AND HOUSING)

## ആനുകാലിക റിപ്പോർട്ട്

(2017 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31st MARCH, 2017)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2017 ആഗസ്റ്റ് ...16...-ാം തീയതി സമർപ്പിച്ചത്
(Presented on 16th......August 2017)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2017

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2017

**പതിനാലാം കേരള നിയമസഭ**
**(FOURTEENTH KERALA LEGISLATIVE ASSEMBLY)**

# സബ്ജക്റ്റ് കമ്മിറ്റി IX
# (SUBJECT COMMITTEE IX)

## തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും
## (LOCAL ADMINISTRATION, RURAL DEVELOPMENT AND HOUSING)

**ആനുകാലിക റിപ്പോർട്ട്**
(2017 മാർച്ച് 31 വരെയുള്ളത്)
**(PERIODICAL REPORT AS ON 31ST MARCH, 2017)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

956/2017.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | I |
| അനുബന്ധം | .. | 3 |

# സബ്ജക്ട് കമ്മിറ്റി IX
# (തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും)
# (2016-2018)

## ഘടന

<u>അദ്ധ്യക്ഷൻ</u> :

ഡോ. കെ.ടി.ജലീൽ

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗം</u> :

ശ്രീ. ഇ. ചന്ദ്രശേഖരൻ,

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീമതി പി. അയിഷാ പോറ്റി

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. അനിൽ അക്കര

ശ്രീ. കെ. ആൻസലൻ

ശ്രീ. പി. വി. അൻവർ

ശ്രീ. കെ. ബാബു

ശ്രീ. കെ.എസ്. ശബരീനാഥൻ

ശ്രീ. പി. ഉബൈദുള്ള

ശ്രീ. ഇ.കെ. വിജയൻ

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. വി.കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. എ. ഷാജഹാൻ, ജോയിന്റ് സെക്രട്ടറി

ശ്രീ. രാജു. കെ.എ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എസ്. ബിജു, അണ്ടർ സെക്രട്ടറി.

# അവതാരിക

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച ഒൻപതാം സബ്ജക്ട് കമ്മിറ്റിയുടെ 1-4-2016 മുതൽ 31-3-2017 വരെയുള്ള ആനുകാലിക റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടം അനുസരിച്ച് ഞാൻ സമർപ്പിക്കുന്നു.

2016 ജൂലൈ 7-ാം തീയതിയിലെ 26-ാം നമ്പർ ബുള്ളറ്റിൻ-ഭാഗം 2 പ്രകാരം പുനഃസംഘടിപ്പിക്കപ്പെട്ട തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX (2016-18)-ൽ ബഹു. തദ്ദേശസ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി ഡോ. കെ.ടി. ജലീൽ അദ്ധ്യക്ഷനും ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരൻ എക്സ്-ഒഫീഷ്യോ അംഗവും ശ്രീമതി പി. അയിഷാപോറ്റി, ശ്രീ. മഞ്ഞളാംകുഴി അലി, ശ്രീ. അനിൽ അക്കര, ശ്രീ. കെ. ആൻസലൻ, ശ്രീ. പി. വി. അൻവർ, ശ്രീ. കെ. ബാബു, ശ്രീ. കെ.എസ്. ശബരീനാഥൻ, ശ്രീ. പി. ഉബൈദുള്ള, ശ്രീ. ഇ.കെ. വിജയൻ, എന്നിവർ അംഗങ്ങളുമാണ്.

പതിനാലാം കേരള നിയമസഭയുടെ 2016-18 കാലയളവിലെ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച ഒൻപതാം സബ്ജക്ട് കമ്മിറ്റി 2016 ഏപ്രിൽ 1 മുതൽ 2017 മാർച്ച് 31 വരെയുള്ള കാലയളവിൽ പരിശോധനയ്ക്ക് വിധേയമാക്കിയ കാര്യങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ സമിതി 9 യോഗങ്ങൾ ചേരുകയുണ്ടായി. ഇതിൽ 4 യോഗങ്ങൾ 2016-17, 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ചും ഒരു യോഗം സമിതിയുടെ പരിഗണനയ്ക്കയച്ച ബില്ലിന്റെ പരിശോധനയ്ക്കും 3 യോഗങ്ങൾ ഗവൺമെന്റിൽ നിന്നും ലഭ്യമാക്കിയ കരട് ചട്ടങ്ങൾ, എസ്.ആർ.ഒ. വിജ്ഞാപനങ്ങൾ, ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ എന്നിവ പരിഗണിക്കുന്നതിനും ഒരു യോഗം കൊട്ടാരക്കര എസ്.ഐ.ആർ.ഡി. സന്ദർശനത്തോടനുബന്ധിച്ചുള്ളതുമാണ്. സമിതിയോഗങ്ങളിലെ ശരാശരി ഹാജർനില 57 ശതമാനം ആയിരുന്നു.

ഈ റിപ്പോർട്ട് മൂന്ന് ഭാഗങ്ങളായിട്ടാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം ഭാഗത്തിൽ റിപ്പോർട്ട് കാലയളവിൽ സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകളുടെ വിവരങ്ങൾ ചേർത്തിരിക്കുന്നു. രണ്ടാം ഭാഗത്തിൽ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വിവിധ വകുപ്പുകളുടെ വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ ചേർത്തിരിക്കുന്നു. റിപ്പോർട്ടിന്റെ മൂന്നാം ഭാഗത്തിൽ സമിതി പരിശോധിച്ച ബില്ലുകൾ, അംഗീകരിച്ച കരട് ചട്ടങ്ങൾ, സാധൂകരിച്ച എസ്.ആർ.ഒ.കൾ എന്നിവയുടെയും ചട്ടം 235 (എ) പ്രകാരം സമിതിയോഗം ചേർന്ന് ചർച്ച ചെയ്ത കാര്യങ്ങളുടെയും വിവരങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു.

യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഈ റിപ്പോർട്ട് 4-7-2017 ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

ഡോ. കെ. ടി. ജലീൽ,
*അദ്ധ്യക്ഷൻ,*
*സബ്ജക്ട് കമ്മിറ്റി IX.*

തിരുവനന്തപുരം,
2017 ജൂലൈ 4.

# റിപ്പോർട്ട്

## ഭാഗം I

2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ താഴെപ്പറയുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് 2016 സെപ്റ്റംബർ മാസം 26-ാം തീയതി സഭയിൽ സമർപ്പിച്ചു.

| | |
|---|---|
| ധനാഭ്യർത്ഥന നമ്പർ | XXI-ഭവന നിർമ്മാണം |
| ,, | XXII-നഗരവികസനം |
| ,, | XXV-ന്യൂനപക്ഷ ക്ഷേമം |
| ,, | XXVIII-പലവക സാമ്പത്തിക സർവ്വീസുകൾ |
| ,, | XXXV-പഞ്ചായത്ത് |
| ,, | XXXVI-ഗ്രാമവികസനം |
| ,, | XLVI-സാമൂഹിക സുരക്ഷിതത്വവും ക്ഷേമവും |

സമിതിയുടെ 3-10-2016-ലെ യോഗം അംഗീകരിച്ച 2016 മാർച്ച് 31 വരെയുള്ള കാലയളവിലെ ആനുകാലിക റിപ്പോർട്ട് 2016 ഒക്ടോബർ 24-ാം തീയതി സഭയിൽ സമർപ്പിച്ചു.

2015-16-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 28-10-2016- ന് സഭയിൽ സമർപ്പിച്ചു.

സമിതിയുടെ പരിഗണനയ്ക്കയച്ച 2017-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ (ഭേദഗതി) ബില്ലിന്മേലുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 10-3-2017-ന് സഭയിൽ സമർപ്പിച്ചു.

## ഭാഗം II

ചട്ടം 236(6) പ്രകാരം ലഭ്യമാക്കിയ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ:

| ക്രമ നമ്പർ | ധനാഭ്യർത്ഥന നമ്പർ | സാമ്പത്തിക വർഷം | സർക്കാർ കത്ത് നമ്പർ | സഭയിൽ സമർപ്പിച്ച തീയതി |
|---|---|---|---|---|
| 1 | XXI | 2014-15 | 2194/എ 3/2015/ ഭവനം 29-11-2016 | 9-3-2017 |
| 2 | XXI | 2015-16 | 426356/എ 3/2016/ ഭവനം 19-1-2017 | 9-3-2017 |

## ഭാഗം III

I. ബില്ലുകളുടെ പരിശോധന

സമിതിയുടെ 9-3-2017-ൽ ചേർന്ന യോഗം 2017-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ (ഭേദഗതി) ബിൽ പരിഗണിക്കുകയും ഭേദഗതികൾ കൂടാതെ അംഗീകരിക്കുകയും ചെയ്തു.

II. സമിതിയുടെ അംഗീകാരം ലഭിക്കുന്നതിന് മുൻപ് പുറപ്പെടുവിച്ച താഴെപ്പറയുന്ന ചട്ടങ്ങൾക്ക് സമിതി സാധൂകരണം നൽകി:

(1) 2013-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ഭേദഗതി ചട്ടങ്ങൾ.

എസ്.ആർ.ഒ. നമ്പർ.180/13.

(2) കേരള ജനന-മരണ രജിസ്ട്രേഷൻ (ഭേദഗതി) ചട്ടങ്ങൾ, 2015. എസ്.ആർ.ഒ. നമ്പർ 484/15.

(3) 2016-ലെ കേരള മുനിസിപ്പാലിറ്റി (തെരഞ്ഞെടുപ്പ് നടത്തിപ്പ്) ഭേദഗതി ചട്ടങ്ങൾ.

എസ്.ആർ.ഒ. നമ്പർ 44/2016.

(4) കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് (ഭേദഗതി) ചട്ടങ്ങൾ, 2014.

എസ്.ആർ.ഒ. നമ്പർ 108/2014.

2013-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ഭേദഗതി ചട്ടങ്ങൾ, എസ്.ആർ.ഒ. നമ്പർ.180/13 പരിഗണിച്ച വേളയിൽ, ചട്ടങ്ങൾ മൂന്നു വർഷങ്ങൾക്കുശേഷമാണ് സാധൂകരണത്തിനായി വന്നിട്ടുള്ളതെന്ന് സമിതി നിരീക്ഷിക്കുകയും ചട്ടങ്ങൾക്ക് സമിതിയുടെ സാധൂകരണം തേടുന്നതിന് കാലതാമസമുണ്ടാകരുതെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

16-1-2017-ന് സമിതി കൊട്ടാരക്കര ഗ്രാമവികസന ഇൻസ്റ്റിറ്റ്യൂട്ട് (SIRD) സന്ദർശിക്കുകയും അതിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു. ശേഷം ഉമ്മന്നൂർ ഗ്രാമപഞ്ചായത്തിലെ മെച്ചപ്പെട്ട നിലയിൽ പ്രവർത്തിക്കുന്ന അയൽക്കൂട്ടങ്ങൾ, വയണാമൂലയിലെ തണൽ ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ, വയയ്ക്കലിൽ പ്രവർത്തിക്കുന്ന പൊലിവ് ജൈവ പച്ചക്കറി തോട്ടം, അമ്പലക്കര ഐശ്വര്യ ആട്ടുവളർത്തൽ കേന്ദ്രം എന്നിവയും സന്ദർശിച്ചു.

ഡോ. കെ. ടി. ജലീൽ,
*അദ്ധ്യക്ഷൻ,*
*സബ്ജക്ട് കമ്മിറ്റി IX.*

തിരുവനന്തപുരം,
2017 ജൂലൈ, 4.

## അനുബന്ധം

## 26-7-2016 ലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി IX, 2016 ജൂലൈ മാസം 26-ാം തീയതി ചൊവ്വാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 'V-D' സമ്മേളനഹാളിൽ സമിതി ചെയർമാനും തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ന്യൂനപക്ഷക്ഷേമവും വഖഫ് ആന്റ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രിയുമായ ഡോ. കെ. ടി. ജലീലിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരനും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീമതി പി. അയിഷാ പോറ്റി, എം.എൽ.എ
2. ശ്രീ. അനിൽ അക്കര, എം.എൽ.എ
3. ശ്രീ. പി. വി. അൻവർ, എം.എൽ.എ
4. ശ്രീ. കെ. ആൻസലൻ, എം.എൽ.എ
5. ശ്രീ. കെ. ബാബു, എം.എൽ.എ
6. ശ്രീ. കെ. എസ്. ശബരീനാഥൻ, എം.എൽ.എ
7. ശ്രീ. പി. ഉബൈദുള്ള, എം.എൽ.എ
8. ശ്രീ. ഇ. കെ. വിജയൻ, എം.എൽ.എ

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. എ. ഷാജഹാൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ജി. എസ്. സുരേഷ് കുമാർ, അണ്ടർ സെക്രട്ടറി

ഹാജരായ മറ്റ് ഉദ്യോഗസ്ഥർ :

1. ശ്രീ. ടി. കെ. ജോസ്, പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.
2. ഡോ. കെ. വാസുകി, എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ
3. ശ്രീ. ടി. പി. വിജയകുമാർ, സ്പെഷ്യൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
4. ശ്രീ. വി. എസ്. സന്തോഷ് കുമാർ, കമ്മീഷണർ (ഇൻ-ചാർജ്), ഗ്രാമവികസനം

5. ശ്രീ. ഈപ്പൻ ഫ്രാൻസിസ്, പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ

6. ശ്രീ. സി. രാധാകൃഷ്ണകുറുപ്പ്, ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്

7. ശ്രീ. എ. ഷിബു, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്

9. ശ്രീമതി അഞ്ജു മേരി മാത്യു, ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യ വകുപ്പ്.

10. ശ്രീ. കെ. രമണൻ, ചീഫ് ടൗൺ പ്ലാനർ.

2. സമിതി 2016-17 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള XXII (നഗരവികസനം), XXXV (പഞ്ചായത്ത്), II (സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥർ), XXVIII (പലവക സാമ്പത്തിക സർവ്വീസുകൾ) എന്നീ ധനാഭ്യർത്ഥനകൾ പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ശിപാർശകൾ/നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ XXII നഗരവികസനം

3. നഗരകാര്യ വകുപ്പിലെ ഉദ്യോഗസ്ഥരുടെ കാര്യശേഷി വർദ്ധിപ്പിക്കലും പരിശീലനവും സംബന്ധിച്ച ശീർഷകം സമിതി പരിശോധിച്ചു. നഗരകാര്യവകുപ്പിലെയും മുൻസിപ്പൽ കോമൺ സർവ്വീസിലെയും ജീവനക്കാരുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിന് തിരുവനന്തപുരം ഐ.എം.ജി., തൃശ്ശൂർ കില എന്നീ സ്ഥാപനങ്ങൾ മുഖേന നടത്തുന്ന പരിശീലന പരിപാടികൾക്ക് നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 2217-80-001-92 എന്ന ശീർഷകത്തിലേയ്ക്ക് 5,00,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4. അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി സംബന്ധിച്ച് സമിതി പരിശോധിക്കുകയും ഗ്രാമപഞ്ചായത്തുകൾ നഗരസഭകളായി മാറുമ്പോൾ ദേശീയ തൊഴിലുറപ്പ് പദ്ധതി അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയായി തുടങ്ങുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്തായിരിക്കുമ്പോൾ ലഭിച്ച വിഹിതം ലഭിക്കുന്നില്ലെന്ന് സമിതി നിരീക്ഷിച്ചു. ഗ്രാമീണ മേഖലയിലെ വേതന വർദ്ധനവിന് ആനുപാതികമായി നഗരസഭയ്ക്ക് ആവശ്യമുള്ള മൊത്തം തുക കണക്കാക്കി ആയത് നൽകാൻ സമിതി നിർദ്ദേശിച്ചു. കൂടാതെ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി ഗുണഭോക്താക്കൾക്കും അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി ഗുണഭോക്താക്കൾക്കും ഇൻഷുറൻസ് പദ്ധതി ഏർപ്പെടുത്താനും സമിതി നിർദ്ദേശിച്ചു.

5. മുൻസിപ്പൽ കോമൺ സർവ്വീസ് സെൻട്രൽ പെൻഷൻ ഫണ്ടിലേയ്ക്കുള്ള സംഭാവന സംബന്ധിച്ച ശീർഷകം സമിതി പരിശോധിച്ചു. റിട്ടയർ ചെയ്യുന്ന മുൻസിപ്പൽ

ജീവനക്കാർക്ക് യഥാസമയം പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് ഓരോ വർഷവും 60 കോടി രൂപ ചെലവ് വരുന്നുണ്ട്. എന്നാൽ ഈ ഇനത്തിലുള്ള സമാഹരണം 20 കോടി മാത്രമാണ്. നഗരസഭയുടെ തനതു വരുമാനത്തിൽ നിന്നും കണ്ടെത്തിയിട്ടുള്ള വിഹിതത്തിൽ 181 കോടി രൂപ ബാധ്യതയുള്ളതായും സമിതി വിലയിരുത്തുകയുണ്ടായി. ആയതിനാൽ ഈ സാമ്പത്തിക വർഷം 2217-80-001-91 എന്ന ശീർഷകത്തിൽ 100 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

6. രാത്രികാല അഭയകേന്ദ്രങ്ങൾ നിർമ്മിക്കൽ സംബന്ധിച്ച ശീർഷകം സമിതി പരിശോധിച്ചു. അന്യനാടുകളിൽ നിന്നും തൊഴിലിനായും മറ്റ് ആവശ്യങ്ങൾക്കായും കേരളത്തിലെ നഗരങ്ങളിൽ എത്തുന്ന കുറഞ്ഞവരുമാനക്കാർക്ക് രാത്രികാല അഭയ കേന്ദ്രങ്ങൾ ഒരുക്കുന്നതിനായി ബജറ്റിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ 2217-80-800-69 എന്ന ശീർഷകത്തിൽ 500 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

7. മുഖ്യനഗരാസൂത്രകന്റെ ഓഫീസ് (പദ്ധതിയേതരം) സംബന്ധിച്ച ശീർഷകം സമിതി പരിശോധിച്ചു. മുഖ്യനഗരാസൂത്രകന്റെ ഓഫീസിലെ ശമ്പളവും മറ്റ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കുമായി അനുവദിച്ച ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പ്രസ്തുത ചെലവുകൾക്കായി 2217-05-001-99-04-4 അവധിയാത്രാനുകൂല്യം എന്നയിനത്തിൽ 2,00,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

8. മുഖ്യനഗരാസൂത്രകന്റെ ഓഫീസിലെ ശമ്പളവും മറ്റ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കുമായി അനുവദിച്ച ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 2217-05-001-99-21-1-മോട്ടോർ വാഹനങ്ങൾ, 2217-05-001-99-21-2 സംരക്ഷണവും അറ്റകുറ്റപ്പണികളും എന്നീ ശീർഷകങ്ങളിൽ 1,00,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

9. മുഖ്യനഗരാസൂത്രകന്റെ ഓഫീസിലെ ശമ്പളവും മറ്റ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കുമായി അനുവദിച്ച ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 2217-05-001-99-45-പി.ഒ.എൽ. എന്ന ശീർഷകത്തിൽ 1,00,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

10. ജില്ലാ പ്ലാനിംഗ് ഓഫീസുകളിലെ ശമ്പളവും എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളും സംബന്ധിച്ച ശീർഷകം സമിതി പരിശോധിച്ചു. ജില്ലാ പ്ലാനിംഗ് ഓഫീസുകളിലെ വിവിധ ആവശ്യങ്ങൾക്കായി അനുവദിച്ച ബജറ്റ് വിഹിതം അപര്യാപ്തമായതിനാലും മുൻവർഷം

വിവിധ ജില്ലാ ഓഫീസുകളിലായി കടിശ്ശികയായ മെഡിക്കൽ ക്ലെയിമുകൾ ഉൾപ്പെടെ നൽകുന്നതിനുമായി 2217-05-001-65-01-4 എന്ന ശീർഷകത്തിൽ 10,00,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

11. അനുവദിച്ച ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 2,00,000 രൂപ 2217-05-001-65-04-4-അവധി യാത്രാനുകൂല്യം എന്ന ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

12. മോട്ടോർ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി അനുവദിച്ച ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 2217-05-001-65-21-2 എന്ന ശീർഷകത്തിൽ 2,00,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

13. അനുവദിച്ച ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 2217-05-001-65-45-പി.ഒ.എൽ. എന്ന ശീർഷകത്തിൽ 2,00,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

14. ജില്ലാ ഓഫീസുകളിൽ പഴയ വാഹനങ്ങൾ മാറ്റി പുതിയവ വാങ്ങുന്നതിനായി 40 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ 2217-05-001-65-21-1 എന്ന ശീർഷകത്തിൽ 40 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

15. വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്ന 5 ജില്ലാ ഓഫീസുകളുടെ വാടകയിനത്തിലും മറ്റ് ഓഫീസുകൾക്കുള്ള കെട്ടിട നികുതിയിനത്തിലുമായി 2016-17 സാമ്പത്തിക വർഷം 2217-05-001-65-06 എന്ന ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ - XXXV-പഞ്ചായത്ത്

16. യാത്രാബത്ത സംബന്ധിച്ച ശീർഷകം സമിതി പരിശോധിച്ചു. 2015-16-ൽ അനുവദിച്ച തുകതന്നെ അപര്യാപ്തമായിരുന്നുവെന്ന് സമിതി വിലയിരുത്തുകയുണ്ടായി. യാത്രാബത്തയിനത്തിൽ കുടിശ്ശിക കൊടുത്തു തീർക്കുന്നതിനും നടപ്പു വർഷത്തെ ചെലവുകൾക്കുമായി 2515-00-001-97-04-1 എന്ന ശീർഷകത്തിൽ 30 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

17. തദ്ദേശ ഗവൺമെന്റുകൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ സംബന്ധിച്ച ശീർഷകം സമിതി പരിശോധിച്ചു. നിലവിലുള്ള ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 2515-00-101-64-21-2 എന്ന ശീർഷകത്തിൽ മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും എന്ന ഇനത്തിൽ 22,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

18. അനുവദിച്ച ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 2515-00-101-64-45-പി.ഒ.എൽ. എന്ന ശീർഷകത്തിൽ 1,34,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

19. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ട്രിബ്യൂണൽ സംബന്ധിച്ച ശീർഷകം സമിതി പരിശോധിച്ചു. നിലവിലുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 2515-00-101-63-01-4 എന്ന ശീർഷകത്തിൽ 2,00,000 രൂപ മെഡിക്കൽ റീഇംബേഴ്സ്മെന്റ് ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

20. വേജസ് സംബന്ധിച്ച ശീർഷകം സമിതി പരിശോധിച്ചു നിലവിലുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 2515-00-101-63-02 എന്ന ശീർഷകത്തിൽ 1,54,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

21. യാത്രാബത്ത സംബന്ധിച്ച ശീർഷകം സമിതി പരിശോധിച്ചു നിലവിലുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 2515-00-101-63-04-1 എന്ന ശീർഷകത്തിൽ 2,80,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

22. അവധിക്കാല യാത്രാനുകൂല്യം സംബന്ധിച്ച ശീർഷകം സമിതി പരിശോധിച്ചു നിലവിലുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 2515-00-101-63-04-4 എന്ന ശീർഷകത്തിൽ 3,96,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

23. ടെലിഫോൺ ചാർജസ് സംബന്ധിച്ച ശീർഷകം സമിതി പരിശോധിച്ചു നിലവിലുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 2515-00-101-63-05-3 എന്ന ശീർഷകത്തിൽ 22,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

24. മറ്റിനങ്ങൾ സംബന്ധിച്ച ശീർഷകം സമിതി പരിശോധിച്ചു നിലവിലുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 2515-00-101-63-05-4 എന്ന ശീർഷകത്തിൽ 1,61,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

25. മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും സംബന്ധിച്ച ശീർഷകം സമിതി പരിശോധിച്ചു. . നിലവിലുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 2515-00-101-63-21-2 എന്ന ശീർഷകത്തിൽ 43,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

26. വിവരസാങ്കേതികവിദ്യ സംബന്ധിച്ച ശീർഷകം സമിതി പരിശോധിച്ച് നിലവിലുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 2515-00-101-63-99 എന്ന ശീർഷകത്തിൽ 99,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

27. ശുചിത്വകേരളം സംബന്ധിച്ച ശീർഷകം സമിതി പരിശോധിച്ച് നിലവിലുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ മഴക്കാല പൂർവ്വ കാംപെയിൻ ചെലവുകൾക്കായി-6,96,20,000 രൂപയും, ശുചിത്വമിഷന്റെ ഭരണപരമായ ചെലവുകൾക്കായി-1,00,00,000 രൂപയും, പ്ലാസ്റ്റിക് മാലിന്യ പരിപാലന ചെലവുകൾക്കായി-8,00,00,000 രൂപയും, ഉറവിട മാലിന്യ സംസ്കരണ ചെലവുകൾക്കായി 2,00,00,000 രൂപയും 2515-00-101-68 എന്ന ശീർഷകത്തിലേയ്ക്ക് അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ.സമിതി തീരുമാനിച്ചു

28. ത്രിതല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കമ്പ്യൂട്ടർവൽക്കരണം സംബന്ധിച്ച ശീർഷകം സമിതി പരിശോധിച്ച് നിലവിലുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 2515-00-800-86-99 എന്ന ശീർഷകത്തിൽ 5,50,00,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

29. വകുപ്പ് ഉദ്യോഗസ്ഥൻമാരുടെ പരിശീലനം സംബന്ധിച്ച ശീർഷകം സമിതി പരിശോധിച്ചു. കില വഴി നടപ്പിലാക്കിവരുന്ന പ്രവൃത്തിപരിചയ നൈപുണ്യ പരിശീലനത്തോടൊപ്പം ജീവനക്കാരുടെ തൊഴിൽസംസ്കാരം പുനർനിർവ്വചിക്കപ്പെടുന്നവിധം ഉദ്യോഗസ്ഥൻമാരുടെ സമഗ്രപരിശീലന പരിപാടികൾക്കായി ഒരു പരിപാടി പഞ്ചായത്ത് വകുപ്പ് തയ്യാറാക്കേണ്ടതുണ്ടെന്ന് സമിതി വിലയിരുത്തി. അതിൻപ്രകാരമുള്ള ചെലവുകൾക്കായി 2515-00-003-98 എന്ന ശീർഷകത്തിൽ 150 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

30. തെരഞ്ഞെടുത്ത പഞ്ചായത്തുകൾക്ക് ISO സർട്ടിഫിക്കേഷൻ സംബന്ധിച്ച ശീർഷകം സമിതി പരിശോധിച്ചു.തെരഞ്ഞെടുത്ത പഞ്ചായത്തുകൾക്ക് ISO സർട്ടിഫിക്കേഷൻ നേടിയെടുക്കുന്ന പരിപാടിയ്ക്ക് പ്രോത്സാഹനമായി 10 ലക്ഷം രൂപ 2515-00-101-62 എന്ന ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

31. നിർമ്മൽ ഭാരത് അഭിയാൻ സംബന്ധിച്ച ശീർഷകം സമിതി പരിശോധിച്ച് കേന്ദ്ര-സംസ്ഥാന വിഹിതം ഉൾപ്പെടെ 2515-00-101-65 എന്ന ശീർഷകത്തിലേയ്ക്ക് 227,11,18,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

32. പി.എം.ജി.എസ്.വൈ. പദ്ധതികൾക്കുള്ള ധനസഹായം (സംസ്ഥാന വിഹിതം) സംബന്ധിച്ച ശീർഷകം സമിതി പരിശോധിച്ച് സംസ്ഥാന വിഹിതമായി 4515-00-800-98(02) എന്ന ശീർഷകത്തിൽ 84,00,00,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

33. പി.എം.ജി.എസ്.വൈ. പദ്ധതികൾക്കുള്ള ധനസഹായം (അധിക സംസ്ഥാന വിഹിതം) സംബന്ധിച്ച ശീർഷകം സമിതി പരിശോധിച്ചു. സംസ്ഥാന വിഹിതമായി 4515-00-800-98(03) എന്ന ശീർഷകത്തിൽ 81 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**ധനാഭ്യർത്ഥന നമ്പർ-II-സംസ്ഥാന ഭരണത്തലവൻമാർ,**

**മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥർ**

34. പിന്നോക്ക പ്രദേശ ധനസഹായനിധി സംബന്ധിച്ച ശീർഷകം സമിതി പരിശോധിച്ചു. നിലവിലുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 3451-00-101-31 എന്ന ശീർഷകത്തിൽ 21,31,00,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

35. പഞ്ചായത്ത് വകുപ്പിന്റെ ധനാഭ്യർത്ഥന XLVI സംബന്ധിച്ച കുറിപ്പ് യോഗ ദിവസം രാവിലെ മാത്രം ലഭിച്ചതിനാൽ ആയത് 4-8-2016-ലെ യോഗത്തിൽ പരിഗണിക്കാൻ സമിതി തീരുമാനിച്ചു.

36. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണത്തിൽ എം.എൽ.എ. മാരുടെ നിർദ്ദേശങ്ങളും സഹകരണവും പദ്ധതികളുടെ നടത്തിപ്പ് കൂടുതൽ കാര്യക്ഷമമാക്കുമെന്ന് സമിതി വിലയിരുത്തി. കൊട്ടാരക്കരയിലെ എസ്. ഐ. ആർ. ഡി. സന്ദർശിക്കണമെന്ന സമിതി അംഗം ശ്രീമതി പി. അയിഷാ പോറ്റി, എം.എൽ.എ. യുടെ ആവശ്യം സമിതി അംഗീകരിച്ചു.

37. സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി ചട്ടം 235(എ) പ്രകാരം പഞ്ചായത്തും ഗ്രാമവികസനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി യോഗം ചേരണമെന്നും ആവശ്യമായിവരുന്നപക്ഷം സ്ഥലസന്ദർശനം നടത്തണമെന്നും സമിതി തീരുമാനിച്ചു.

38. സമിതി യോഗം ഉച്ചയ്ക്ക് 1.00 മണിക്ക് പിരിഞ്ഞു.

## 4-8-2016-ലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി IX-ന്റെ ഒരു യോഗം 2016 ആഗസ്റ്റ് മാസം 4-ാം തീയതി വ്യാഴാഴ്ച രാവിലെ 11.00 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ 'V-D' സമ്മേളനഹാളിൽ സമിതി ചെയർമാനും തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രിയുമായ ഡോ. കെ. ടി. ജലീലിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

<u>ഹാജരായ അംഗങ്ങൾ:</u>

1. ശ്രീമതി പി. അയിഷാ പോറ്റി, എം.എൽ.എ
2. ശ്രീ. മഞ്ഞളാംകുഴി അലി, എം.എൽ.എ
3. ശ്രീ. അനിൽ അക്കര, എം.എൽ.എ
4. ശ്രീ. കെ. ആൻസലൻ, എം.എൽ.എ
5. ശ്രീ. കെ. ബാബു, എം.എൽ.എ
6. ശ്രീ. പി. ഉബൈദുള്ള, എം.എൽ.എ
7. ശ്രീ. ഇ. കെ. വിജയൻ, എം.എൽ.എ

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

1. ശ്രീ. എ. ഷാജഹാൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. രാജു കെ. എ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ജി. എസ്. സുരേഷ് കുമാർ, അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീ. ടി. കെ. ജോസ്, പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.
2. ശ്രീ. പി. എച്ച്. കുര്യൻ, പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ & ഭവനനിർമ്മാണ വകുപ്പ്.
3. ശ്രീ. എ. ഷാജഹാൻ, സെക്രട്ടറി, ന്യൂനപക്ഷക്ഷേമ വകുപ്പ്.
4. ശ്രീ. ടി. പി. വിജയകുമാർ, സ്പെഷ്യൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.
5. ശ്രീമതി എം. പെണ്ണമ്മ, ചീഫ് എഞ്ചിനീയർ (ബിൽഡിംഗ്സ്), പൊതുമരാമത്ത് വകുപ്പ്.
6. ഡോ. എസ്. കാർത്തികേയൻ, കമ്മീഷണർ, ഭവനനിർമ്മാണ വകുപ്പ്.
7. ശ്രീ. വി. രാമചന്ദ്രൻ, ഡയറക്ടർ ജനറൽ, ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്.
8. ശ്രീ. കെ. കെ. ഗോവിന്ദൻ നായർ, ഡയറക്ടർ, സൈനികക്ഷേമ വകുപ്പ്.

9. ശ്രീ. പി. എം. അലി അസ്ഗർ പാഷ, ഡയറക്ടർ, ന്യൂനപക്ഷക്ഷേമ വകുപ്പ്.

10. ശ്രീ. വി. എസ്. സന്തോഷ് കുമാർ, ഗ്രാമവികസന കമ്മീഷണർ (ഇൻ-ചാർജ്)

11. ശ്രീ. എൻ. എം. രവീന്ദ്രൻ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.

12. ശ്രീ. ഡി. അനിൽ, ഫിനാൻസ് മാനേജർ (മാനേജിംഗ് ഡയറക്ടർ ഇൻ-ചാർജ്), കേരള പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ്.

13. ശ്രീ. അജയകുമാർ, ഡയറക്ടർ, SIRD.

14. ശ്രീ. രാജേഷ്, പി. ആർ., അഡീഷണൽ രജിസ്ട്രാർ, സഹകരണ വകുപ്പ്.

15. ശ്രീ. ബാബു, കെ., അഡീഷണൽ സെക്രട്ടറി, കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്.

16. ശ്രീ. കെ. വിജയകുമാരൻ, സീനിയർ ഫിനാൻസ് ഓഫീസർ, ലാന്റ് റവന്യൂ കമ്മീഷണറേറ്റ്.

17. ശ്രീ. കെ. പി. സാബു, പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ.

2016-17 സാമ്പത്തിക വർഷത്തെ ബജറ്റിലെ XXXVI (ഗ്രാമവികസനം), XXV (പട്ടികജാതി-പട്ടികവർഗ്ഗ മറ്റു പിന്നാക്ക വിഭാഗങ്ങൾ/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം), XXI (ഭവനനിർമ്മാണം), II (സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥർ) എന്നീ ധനാഭ്യർത്ഥനകൾ സമിതി പരിശോധിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു. ധനാഭ്യർത്ഥനകൾ സംബന്ധിച്ച് സമിതി താഴെപ്പറയുന്ന പ്രകാരം ശിപാർശകൾ നൽകുവാൻ തീരുമാനിച്ചു.

## ധനാഭ്യർത്ഥന II-സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥർ

പിന്നോക്ക പ്രദേശ ധനസഹായനിധി സംബന്ധിച്ച കണക്കിനം സമിതി പരിശോധിച്ചു. നിലവിലുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 3451-00-101-31 എന്ന ശീർഷകത്തിലേയ്ക്ക് 21,31,00,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന XXXVI-ഗ്രാമവികസനം

ഗ്രാമസേവക പരിശീലന കേന്ദ്രങ്ങൾ സംബന്ധിച്ച കണക്കിനം സമിതി പരിശോധിച്ചു. കെട്ടിട നികുതിയിനത്തിലെ കുടിശ്ശിക ഉൾപ്പെടെയുള്ള ചെലവുകൾക്കായി 2515-00-003-50-06 എന്ന ശീർഷകത്തിലേയ്ക്ക് 4,78,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള ബ്ലോക്ക് ഗ്രാന്റ്, ഡി.ആർ.ഡി.എ.-യുടെ ഭരണ ചെലവ് എന്ന കണക്കിനം സമിതി പരിശോധിച്ചു. കേന്ദ്ര-സംസ്ഥാന വിഹിതം ഉൾപ്പെടെ

2501-01-196-48 എന്ന ശീർഷകത്തിലേയ്ക്ക് 5,00,00,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു (കേന്ദ്രവിഹിതം 3 കോടി + സംസ്ഥാന വിഹിതം 2 കോടി).

ഗ്രാമവികസനത്തിനുവേണ്ടിയുള്ള സംസ്ഥാന ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കൽ സംബന്ധിച്ച കണക്കിനം സമിതി പരിശോധിച്ചു. കേന്ദ്ര-സംസ്ഥാന വിഹിതം ഉൾപ്പെടെ 2515-00-102-79-34 എന്ന ശീർഷകത്തിലേയ്ക്ക് 23,44,000 (11,72,000 + 11,72,000) രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

പ്രധാനമന്ത്രികൃഷി സിഞ്ചായ് യോജന എന്ന കണക്കിനം സമിതി പരിശോധിച്ചു കേന്ദ്ര-സംസ്ഥാന വിഹിതം ഉൾപ്പെടെ 66,64,00,000 (39,98,40,000 + 26,65,60,000) രൂപ 2515-00-102-37 എന്ന ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

പട്ടുനൂൽ കൃഷി വികസന പദ്ധതി എന്ന കണക്കിനം സമിതി പരിശോധിച്ചു സെറിഫെഡ് അടച്ചുപൂട്ടുകയും അതിലുണ്ടായിരുന്ന ഉദ്യോഗസ്ഥരെ ഗ്രാമവികസന കമ്മീഷണറേറ്റിലേയ്ക്ക് വിന്യസിപ്പിക്കുകയും ചെയ്ത സാഹചര്യത്തിൽ ബന്ധപ്പെട്ട ധനാഭ്യർത്ഥനാ നിർദ്ദേശം പരിഗണിയ്ക്കേണ്ടതില്ലെന്ന് സമിതി തീരുമാനിച്ചു

## ധനാഭ്യർത്ഥന XLVI-സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും

അഗതികൾക്കുള്ള പെൻഷൻ എന്ന കണക്കിനം സമിതി പരിശോധിച്ചു അഗതികൾക്കുള്ള ക്ഷേമ പെൻഷൻ നിരക്ക് 800 രൂപയിൽ നിന്ന് 1000 രൂപയായി വർദ്ധിപ്പിക്കുന്നതും പെൻഷൻ ഗുണഭോക്താക്കളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവും കണക്കിലെടുക്കുമ്പോൾ നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 2235-60-102-99 എന്ന ശീർഷകത്തിലേക്ക് 2,41,30,99,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

കർഷകതൊഴിലാളി പെൻഷൻ സംബന്ധിച്ച കണക്കിനം സമിതി പരിശോധിച്ചു കർഷക തൊഴിലാളി ക്ഷേമനിധിയിൽ പണം അടയ്ക്കുന്നവർക്ക് പെൻഷൻ വർദ്ധിപ്പിച്ച് നൽകുന്ന കാര്യം പരിഗണിക്കണമെന്ന് സമിതി വിലയിരുത്തി. കർഷകതൊഴിലാളി ക്ഷേമ പെൻഷൻ നിരക്ക് 600 രൂപയിൽ നിന്ന് 1000 രൂപയായി വർദ്ധിപ്പിക്കുന്നതും ഗുണഭോക്താക്കളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവും കണക്കിലെടുക്കുമ്പോൾ നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 2235-60-102-98 എന്ന ശീർഷകത്തിലേക്ക് 18,27,77,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതി സംബന്ധിച്ച കണക്കിനം സമിതി പരിശോധിച്ചു. ദേശീയ വാർദ്ധക്യകാല പെൻഷൻ നിരക്ക് 600 രൂപയിൽ നിന്ന് 1000

രൂപയായി വർദ്ധിപ്പിക്കുന്നതും ഗുണഭോക്താക്കളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവും 75 വയസ്സിനുമേൽ പ്രായമുള്ള ഗുണഭോക്താക്കൾക്ക് പെൻഷൻ 1500 രൂപയായി വർദ്ധിപ്പിച്ചതും കാരണം നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 2235-60-102-97 എന്ന ശീർഷകത്തിലേക്ക് 17,20,51,47,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

അംഗവൈകല്യമുള്ളവർക്കും, മന്ദബുദ്ധികൾക്കുമായുള്ള പ്രത്യേക പെൻഷൻ പദ്ധതി സംബന്ധിച്ച കണക്കിനം സമിതി പരിശോധിച്ചു. ക്ഷേമ പെൻഷൻ നിരക്ക് 800 രൂപയിൽ നിന്ന് 1000 രൂപയായി വർദ്ധിപ്പിക്കുന്നതും ഗുണഭോക്താക്കളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവും കാരണം നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 2235-02-101-92 എന്ന ശീർഷകത്തിലേയ്ക്ക് 40,16,46,000 രൂപ അധികമായി അനുവദിക്കണമെന്നും 'മന്ദബുദ്ധി' എന്നതിന് പകരം 'ഭിന്നശേഷിക്കാർ' എന്ന് ചേർക്കാൻ വകുപ്പ് ശ്രദ്ധിക്കണമെന്നും ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

സാമൂഹ്യസുരക്ഷിതത്വ പദ്ധതിയനുസരിച്ച് 50 വയസ്സിനുമേൽ പ്രായമുള്ളവർക്കുള്ള പെൻഷൻ പദ്ധതി സമിതി പരിശോധിച്ചു. ക്ഷേമ പെൻഷൻ നിരക്ക് 800 രൂപയിൽ നിന്ന് 1000 രൂപയായി വർദ്ധിപ്പിക്കുന്നതും ഗുണഭോക്താക്കളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവും കാരണം നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 2235-60-102-96 എന്ന ശീർഷകത്തിലേക്ക് 14,87,69,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന XXV-ന്യൂനപക്ഷക്ഷേമം

യാത്രാബത്ത സംബന്ധിച്ച കണക്കിനം സമിതി പരിശോധിച്ചു. നിലവിലുള്ള ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 2225-04-001-99-04-1 എന്ന ശീർഷകത്തിൽ 1,00,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

വാടക, കരം, നികുതി എന്നിവ സംബന്ധിച്ച കണക്കിനം സമിതി പരിശോധിച്ചു മിക്ക പരിശീലന കേന്ദ്രങ്ങളും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിനാൽ വാടക, കരം, നികുതി എന്ന ഇനങ്ങളിൽ നിലവിലുള്ള ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 2225-04-001-99-06 എന്ന ശീർഷകത്തിൽ 3,00,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും സംബന്ധിച്ച കണക്കിനം സമിതി പരിശോധിച്ചു. സ്കോളർഷിപ്പുകൾക്കും സ്റ്റൈപ്പന്റുകൾക്കും അപേക്ഷിക്കുവാനുള്ള വരുമാന പരിധി ഉയർത്തിയതിനാൽ മുൻവർഷത്തെക്കാൾ കൂടുതൽ അപേക്ഷകർ ഉണ്ടാകാൻ

സാധ്യതയുള്ളതായി സമിതി വിലയിരുത്തുകയുണ്ടായി. ആയതിലേക്ക് നിലവിലെ വിഹിതം പര്യാപ്തമല്ലാത്തതിനാൽ 2225-04-001-99-12 എന്ന ശീർഷകത്തിലേയ്ക്ക് 200 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്നും കേന്ദ്രഫണ്ട് വിദ്യാഭ്യാസ വകുപ്പ് വഴി നൽകുന്നതിന് പകരം ന്യൂനപക്ഷ ക്ഷേമവകുപ്പ് വഴി ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്നും ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റ പണികളും എന്ന കണക്കിനം സമിതി പരിശോധിച്ചു. വാഹനങ്ങളുടെ പഴക്കം അനുസരിച്ച് അറ്റകുറ്റ പണികൾ കൂടി വരുന്നതിനാൽ നിലവിലെ വിഹിതം പര്യാപ്തമല്ലാത്തതിനാൽ 2225-04-001-99-21-2 എന്ന ശീർഷകത്തിൽ 50,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

വിവരസാങ്കേതിക വിദ്യ എന്ന കണക്കിനം സമിതി പരിശോധിച്ചു ന്യൂനപക്ഷ കേന്ദ്രീകൃത മേഖലകളിലുള്ള സ്കൂളുകളിൽ വെർച്വൽ ക്ലാസ് മുറികൾ ആരംഭിക്കാൻ സാധ്യതയുള്ളതിനാൽ നിലവിലെ വിഹിതം പര്യാപ്തമല്ലാത്തതിനാൽ 2225-04-001-99 എന്ന ശീർഷകത്തിൽ 500 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

മദ്രസ്സ അദ്ധ്യാപകർക്കുള്ള ക്ഷേമനിധി നിക്ഷേപത്തിൻമേൽ പലിശ നഷ്ടത്തിനുള്ള നഷ്ടപരിഹാരം സംബന്ധിച്ച കണക്കിനം സമിതി പരിശോധിച്ചു മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിലേക്ക് കോർപ്പസ് ഫണ്ട് ഇനത്തിൽ സർക്കാർ നല്കിയ 10 കോടി രൂപ കോഴിക്കോട് ജില്ലാ ട്രഷറിയിൽ പലിശരഹിത അക്കൗണ്ടിലേക്ക് മാറ്റിയതിനാൽ പലിശ ഇനത്തിൽ നഷ്ടമാകുന്ന തുകയ്ക്ക് ആനുപാതികമായ തുക സർക്കാർ ഗ്രാന്റിനത്തിൽ നൽകേണ്ടതാണെന്ന് സമിതി കണ്ടെത്തുകയുണ്ടായി. നടപ്പുവർഷം ക്ഷേമനിധി അംഗങ്ങൾക്ക് പെൻഷൻ നൽകി തുടങ്ങേണ്ടതിനാൽ, നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 2225-04-800-98 എന്ന ശീർഷകത്തിൽ 600 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനുള്ള ഷെയർ ക്യാപിറ്റൽ സംബന്ധിച്ച കണക്കിനം സമിതി പരിശോധിച്ചു പ്രഖ്യാപിക്കപ്പെട്ട വിവിധ പണികളിലേയ്ക്ക് കൂടുതൽ വായ്പാ ധനസഹായം നൽകുന്നതിന് നിലവിലുള്ള വിഹിതം അപര്യാപ്തമായതിനാൽ 4225-04-190-99 എന്ന ശീർഷകത്തിൽ 100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

ഗ്രാന്റ്-ഇൻ-എയ്ഡ്-ജനറൽ-ശമ്പളേതരം എന്ന കണക്കിനം സമിതി പരിശോധിച്ചു. ജില്ലാ കോൺഫറൻസുകൾ സെമിനാറുകൾ, സിറ്റിംഗുകൾ തുടങ്ങിയവ സംഘടിപ്പിക്കുന്നതിനുള്ള ചെലവ്, മെമ്പർമാർക്ക് ഇന്ധന അലവൻസ്, ഓഫീസ് കെട്ടിട വാടക തുടങ്ങിയ ശമ്പളേതര ഇനങ്ങളിലുള്ള എല്ലാ ചെലവുകളും വഹിക്കുന്നതിന്

നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 2225-04-102-91-36 എന്ന ശീർഷകത്തിൽ 28,30,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

ഗ്രാന്റ്-ഇൻ-എയ്ഡ്-ജനറൽ-ശമ്പളം എന്ന കണക്കിനം സമിതി പരിശോധിച്ചു. ശമ്പള പരിഷ്കരണം, ഡി.എ. വർദ്ധനവ്, വാർഷിക വർദ്ധനവ്, ടി.എ./ഡി.എ. ഇനത്തിലുള്ള ചെലവുകൾ എന്നിവ വഹിക്കുന്നതിന് നിലവിലുള്ള വിഹിതം പര്യാപ്തമല്ലാത്തതിനാൽ 2225-04-102-91-31 എന്ന ശീർഷകത്തിൽ 40,65,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

## ധനാഭ്യർത്ഥന XXI-ഭവനനിർമ്മാണം

സംസ്ഥാന ഹൗസിംഗ് ബോർഡ് സഹായധനം (ശമ്പളേതരം) സംബന്ധിച്ച കണക്കിനം സമിതി പരിശോധിച്ചു. ദുർബല വിഭാഗങ്ങൾക്കുള്ള പാർപ്പിട പദ്ധതി നടപ്പിലാക്കിയതിലുള്ള കമ്മി നികത്തുന്നതുൾപ്പെടെ നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാകയാൽ 2216-80-103-99-36 എന്ന ശീർഷകത്തിൽ 49,17,60,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

വർക്കിംഗ് ജേർണലിസ്റ്റുകൾക്ക് ഭവനനിർമ്മാണം എന്ന കണക്കിനം സമിതി പരിശോധിച്ചു. നിലവിലുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 2216-80-103-99 (02) എന്ന ശീർഷകത്തിലേക്ക് 32 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ഒ.റ്റി.എസ്. ആനുകൂല്യം സംബന്ധിച്ച ചെലവ് സമിതി പരിശോധിച്ചു. ഒ.റ്റി.എസ്. ആനുകൂല്യം നൽകുന്നതിനായി പദ്ധതിയേതരത്തിൽ ന്യൂ സർവ്വീസ് പ്രൊസീഡിയർ പ്രകാരം 1,94,60,83,000 രൂപ അനുവദിക്കണമെന്നും തിരിച്ചടവിന് പരമാവധി ഇളവ് അനുവദിച്ച് തിരിച്ചടവ് വർദ്ധിപ്പിക്കുവാൻ നടപടിയെടുക്കണമെന്നും ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

കൽപ്പറ്റ ഭവന പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ സമിതി പരിശോധിച്ചു പ്രസ്തുത ഭവനപദ്ധതി നടത്തിപ്പിനായി ന്യൂ സർവ്വീസ് പ്രൊസീഡിയർ പ്രകാരം 1,98,78,000 രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

ഗൃഹശ്രീ-ഭവനപദ്ധതി സംബന്ധിച്ച ശീർഷകത്തിലെ 33-സബ്സിഡികൾ എന്ന കണക്കിനം സമിതി പരിശോധിച്ചു. 18000-ൽപരം സ്പോൺസർമാർ വിഹിതം അടച്ച് കാത്തിരിക്കുന്നതിനാൽ പദ്ധതി നടപ്പിലാക്കുന്നതിന് കൂടുതൽ തുക ആവശ്യമുണ്ടെന്ന് സമിതി വിലയിരുത്തുകയുണ്ടായി. ആയതിനാൽ 2216-80-103-99(37) എന്ന ശീർഷകത്തിലേക്ക് 1385 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

പുതിയ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിന് വർക്കിംഗ് ക്യാപിറ്റൽ ഇനത്തിൽ 50,00,00,000 രൂപ 6216-80-201-99-(06) എന്ന ശീർഷകത്തിൽ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

റീഹാബിലിറ്റേഷൻ പ്രോജക്ട് കോഴിക്കോട് ബംഗ്ലാദേശ് കോളനി (ഫേസ് II) എന്ന പദ്ധതിയ്ക്ക് ബഡ്ജറ്റിൽ വിഹിതമൊന്നും ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത പദ്ധതിക്കായി ന്യൂ സർവ്വീസ് പ്രൊസീഡിയർ പ്രകാരം 2500 ലക്ഷം രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

സാന്ത്വനം ഭവനപദ്ധതി സംബന്ധിച്ച കണക്കിനും സമിതി പരിശോധിച്ചു സാന്ത്വനം വാടകവീട് പദ്ധതിയുടെ ഭാഗമായി 44 യൂണിറ്റുകളുടെ ജോലികൾ പൂർത്തീകരിയ്ക്കുന്നതിനായി ബജറ്റിൽ വിഹിതമൊന്നും ഉൾപ്പെടുത്തിയിട്ടില്ലാ ത്തതിനാൽ 6216-80-201-95 എന്ന ശീർഷകത്തിലേക്ക് 8,50,43,000 രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതി സംബന്ധിച്ച കണക്കിനും സമിതി പരിശോധിച്ചു. കേന്ദ്ര-സംസ്ഥാന വിഹിതമായി വകയിരുത്തിയിട്ടുള്ള 12 കോടി രൂപ പര്യാപ്തമല്ലാത്തതിനാൽ 6216-80-201-98 എന്ന ശീർഷകത്തിലേക്ക് അധികമായി 509 ലക്ഷം രൂപ അനുവദിക്കണമെന്നും എല്ലാ ജില്ലകളിലും വർക്കിംഗ് വിമൻസ് ഹോസ്റ്റൽ ആരംഭിക്കുവാൻ നടപടിയെടുക്കണമെന്നും ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

ഹരിപ്പാട് റവന്യൂ ടവർ സംബന്ധിച്ച കണക്കിനും സമിതി പരിശോധിച്ചു പദ്ധതി ചെലവായ 1992 ലക്ഷം രൂപയിൽ നബാർഡിൽ നിന്നും വായ്പയായി ലഭിക്കുന്ന 1707.30 ലക്ഷം രൂപ കിഴിച്ച് ബാക്കി തുകയായ 2,84,70,000 രൂപ 2216-80-201-96 എന്ന ശീർഷകത്തിൽ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

ട്രെയിനിംഗ് പദ്ധതി സംബന്ധിച്ച കണക്കിനും സമിതി പരിശോധിച്ചു ഇ-ഓഫീസ് പദ്ധതി പൂർണ്ണമായും നടപ്പിലാക്കുന്നതിന് 2216-80-103-99-38 എന്ന ശീർഷകത്തിലേക്ക് 30 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

സർക്കാർ ഉദ്യോഗസ്ഥർക്കുള്ള ക്വാർട്ടേഴ്സ് (വൻകിട മരാമത്തുപണികൾ) സംബന്ധിച്ച കണക്കിനും സമിതി പരിശോധിച്ചു നിലവിലുള്ള പദ്ധതി വിഹിതം പര്യാപ്തമല്ലാത്തതിനാൽ 4216-01-106-98(2) എന്ന ശീർഷകത്തിലേക്ക് 27 കോടി 28 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

സർക്കാർ ഉദ്യോഗസ്ഥർക്കുള്ള ഹോസ്റ്റൽ (വൻകിട മരാമത്തു പണികൾ) സംബന്ധിച്ച കണക്കിനും സമിതി പരിശോധിച്ചു. നിലവിലുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 4216-01-106-98(03) എന്ന ശീർഷകത്തിലേക്ക് 100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സീനിയർ ഓഫീസർമാർക്കുള്ള പാർപ്പിട പദ്ധതി (വൻകിട മരാമത്ത് പണികൾ) സംബന്ധിച്ച കണക്കിനം സമിതി പരിശോധിച്ചു. ഉന്നത ഉദ്യോഗസ്ഥരുടെ പാർപ്പിട പദ്ധതി നടത്തിപ്പിലേയ്ക്കായി നടപ്പുവർഷം ബജറ്റിൽ തുക വകയിരുത്തിയിട്ടില്ല ആയതിനാൽ 4216-01-106-98(04) എന്ന ശീർഷകത്തിൽ 5,20,000 രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

ടി & പി ഷെയർ ഡെബിറ്റ് സംബന്ധിച്ച കണക്കിനം സമിതി പരിശോധിച്ചു ഷെയർ ഡെബിറ്റ് ട്രാൻസ്ഫറിന് മറ്റ് ശീർഷകങ്ങൾക്ക് ആനുപാതികമായി 4216-01-106-97 എന്ന ശീർഷകത്തിൽ 2,00,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ഭരണവും നടത്തിപ്പും എസ്റ്റാബ്ലിഷ്മെന്റ് ഷെയർ ഡെബിറ്റ് ട്രാൻസ്ഫർ എന്ന കണക്കിനം സമിതി പരിശോധിച്ചു. മറ്റ് ശീർഷകങ്ങൾക്ക് ആനുപാതികമായി 2216-05-001-99 എന്ന ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

ഭരണവും നടത്തിപ്പും എസ്റ്റാബ്ലിഷ്മെന്റ് ഷെയർ ഡെബിറ്റ് ട്രാൻസ്ഫർ എന്ന കണക്കിനം സമിതി പരിശോധിച്ചു. മറ്റ് ശീർഷകങ്ങൾക്ക് ആനുപാതികമായി 4216-01-106-99 എന്ന ശീർഷകത്തിൽ 2,00,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

സർക്കാർ ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സ് (ചെറുകിട മരാമത്ത് പണികൾ) സംബന്ധിച്ച കണക്കിനം സമിതി പരിശോധിച്ചു. നിലവിലുള്ള ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 2216-05-053-98 എന്ന ശീർഷകത്തിൽ 100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

സംരക്ഷണവും അറ്റകുറ്റപ്പണികളും സംബന്ധിച്ച കണക്കിനം സമിതി പരിശോധിച്ചു നിലവിലുള്ള ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 2216-05-053-97-01 സംരക്ഷണവും അറ്റകുറ്റപ്പണികളും, 02-പ്രത്യേക അറ്റകുറ്റപ്പണികൾ, 03 - വൈദ്യുത സാമഗ്രികളുടെ സംരക്ഷണം ഉൾപ്പെടെ ആകെ 250 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

യന്ത്രോപകരണങ്ങളും പണിയായുധങ്ങളും ഷെയർ ഡെബിറ്റ് ട്രാൻസ്ഫർ എന്ന കണക്കിനം സമിതി പരിശോധിച്ചു. മറ്റ് ശീർഷകങ്ങൾക്ക് ആനുപാതികമായി 2216-05-052-96 എന്ന ശീർഷകത്തിൽ 2,00,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

തിരുവനന്തപുരം നഗരത്തിലെ മന്ത്രിമാരുടെ ക്വാർട്ടേഴ്സിന്റെ സംരക്ഷണവും അറ്റകുറ്റപ്പണികളും സംബന്ധിച്ച കണക്കിനം സമിതി പരിശോധിച്ചു മന്ത്രിമാരുടെ ക്വാർട്ടേഴ്സിന്റെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി പദ്ധതിയേതരത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 2216-05-053-95-01-സാധാരണ അറ്റകുറ്റപ്പണികളും, 03-വൈദ്യുത സാമഗ്രികളുടെ സംരക്ഷണവും ഉൾപ്പെടെ ആകെ 72 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

നിയമസഭാ സാമാജികരുടെ ഹോസ്റ്റലിന്റെ സംരക്ഷണവും അറ്റകുറ്റപ്പണികളും (സിവിലും ഇലക്ട്രിക്കലും) എന്ന കണക്കിനം സമിതി പരിശോധിച്ചു പദ്ധതി നടത്തിപ്പിന് നിലവിലുള്ള ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 2216-05-053-94 എന്ന ശീർഷകത്തിൽ 300 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

കേരള സ്റ്റേറ്റ് പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനുള്ള വായ്പകൾ സംബന്ധിച്ച കണക്കിനം സമിതി പരിശോധിച്ചു കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷന് 'വായ്പ' ശീർഷകത്തിലാണ് ബജറ്റിൽ തുക വകയിരുത്തുന്നതും സർക്കാരിൽ നിന്നും തുക റിലീസ് ചെയ്യുന്നതും. ഇപ്രകാരം വായ്പാ ഹെഡ്ഡിൽ തുക വകയിരുത്തുന്നതുമൂലം കോർപ്പറേഷന് വായ്പാ തുക മുതലും പലിശയുമായി സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതായിവരുന്നു. കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ബജറ്റ് വിഹിതം ഉപയോഗിച്ച് സ്വന്തമായി യാതൊരുവിധ ആസ്തികളും സ്ഥാപിക്കുന്നില്ല. മേൽ സാഹചര്യത്തിൽ കോർപ്പറേഷന് നിലവിൽ "ലോൺ" ശീർഷകത്തിൽ വകയിരുത്തുന്ന തുക പുതിയ ശീർഷകത്തിൽ ഗ്രാന്റായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

കേരള സ്കൂൾ ടീച്ചേഴ്സ് & നോൺ ടീച്ചിംഗ് സ്റ്റാഫ് വെൽഫെയർ കോർപ്പറേഷൻ വായ്പകൾ എന്ന കണക്കിനം സമിതി പരിശോധിച്ചു. കേരള സ്കൂൾ ടീച്ചേഴ്സ് & നോൺ ടീച്ചിംഗ് സ്റ്റാഫ് വെൽഫെയർ കോർപ്പറേഷന് ബജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ പലിശ സബ്സിഡി നൽകുന്നതിനായി 2216-80-190-99 എന്ന ശീർഷകത്തിൽ 52,65,000 രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ഉച്ചയ്ക്കുശേഷം 12.45 -ന് യോഗം പിരിഞ്ഞു.

## 11-8-2016-ലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ വിഷയനിർണ്ണയ സമിതിയുടെ ഒരു യോഗം 2016 ആഗസ്റ്റ് മാസം 11-ാം തീയതി വ്യാഴാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളനഹാളിൽ സമിതി ചെയർമാനും തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രിയുമായ ഡോ. കെ.ടി. ജലീലിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുമായ ശ്രീ. ഇ. ചന്ദ്രശേഖരനും ചുവടെ പറയുന്ന അംഗങ്ങളും ഹാജരായിരുന്നു :

1. ശ്രീ. അനിൽ അക്കര, എം.എൽ.എ.
2. ശ്രീ.കെ. ആൻസലൻ, എം.എൽ.എ.
3. ശ്രീ. കെ. ബാബു, എം.എൽ.എ.
4. ശ്രീ. കെ.എസ്. ശബരീനാഥൻ, എം.എൽ.എ.
5. ശ്രീ. പി. ഉബൈദുള്ള, എം.എൽ.എ.
6. ശ്രീ. ഇ.കെ. വിജയൻ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. എ. ഷാജഹാൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. രാജു, കെ.എ., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ജി. എസ്. സുരേഷ്കുമാർ, അണ്ടർ സെക്രട്ടറി.

സമിതി 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട് പരിഗണിക്കുകയും ശിപാർശ 43-ലെ "ഈ ശീർഷകത്തിലേയ്ക്ക് 200 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്നും കേന്ദ്രഫണ്ട് വിദ്യാഭ്യാസവകുപ്പ് വഴി നൽകുന്നതിനു പകരം ന്യൂനപക്ഷക്ഷേമ വകുപ്പുവഴി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു" ശിപാർശ 52-ന്റെ അവസാനം "സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി കാലോചിതമായി പരിഷ്കരിച്ച് പരമാവധി ഗുണഭോക്താക്കൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ പുനഃക്രമീകരിക്കുന്നതിനും ഫലപ്രദമായി നടപ്പിലാക്കുന്നതിനും ആവശ്യമായ അടിയന്തര നടപടികൾ ബോർഡ് സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു" എന്നീ ഭേദഗതികളോടെ കരട് റിപ്പോർട്ട് അംഗീകരിക്കുകയും ചെയ്തു.

യോഗം രാവിലെ 11.30-ന് പിരിഞ്ഞു.

## 3-10-2016-ലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി-IX-ന്റെ ഒരു യോഗം, 2016 ഒക്ടോബർ 3-ാം തീയതി തിങ്കളാഴ്ച ഉച്ചയ്ക്കുശേഷം, 1.30-ന് (സഭാ സമ്മേളനത്തിനു ശേഷം)നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി അദ്ധ്യക്ഷനും തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രിയുമായ ഡോ. കെ. ടി. ജലീലിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

ശ്രീമതി പി. അയിഷാ പോറ്റി, എം.എൽ.എ.

ശ്രീ. അനിൽ അക്കര, ”

ശ്രീ. കെ. ആൻസലൻ, ”

ശ്രീ. കെ. ബാബു, ”

ശ്രീ. പി. ഉബൈദുള്ള ”

ശ്രീ. ഇ. കെ. വിജയൻ ”

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

ശ്രീ. എ. ഷാജഹാൻ, ജോയിന്റ് സെക്രട്ടറി.

ശ്രീ. ജി. എസ്. സുരേഷ് കുമാർ, അണ്ടർ സെക്രട്ടറി.

<u>മറ്റ് ഉദ്യോഗസ്ഥർ</u> :

ഡോ. വി. കെ. ബേബി, സ്പെഷ്യൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.

ശ്രീമതി കെ. ആർ. സുചിത്ര, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.

ശ്രീ. ബി. എസ്. ജയകുമാർ, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്.

ശ്രീമതി പി. ശോഭന, ജോയിന്റ് സെക്രട്ടറി, ഭവനനിർമ്മാണ വകുപ്പ്.

2. സമിതി എസ്.ആർ.ഒ. വിജ്ഞാപനങ്ങൾ, നടപടി സ്റ്റേറ്റ്മെന്റുകൾ, ആനുകാലിക റിപ്പോർട്ടിന്റെ കരട് എന്നിവ പരിഗണനയ്ക്കെടുത്തു.

3. സമിതിയുടെ സാധൂകരണത്തിനായി നൽകിയ താഴെപ്പറയുന്ന എസ്.ആർ.ഒ. വിജ്ഞാപനങ്ങൾ പരിഗണിക്കുകയും ഭേദഗതികളില്ലാതെ അംഗീകരിക്കുകയും ചെയ്തു.

(1) 2013-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ഭേദഗതി ചട്ടങ്ങൾ. എസ്.ആർ.ഒ. നം. 180/13

(ഫയൽ നമ്പർ 922/സബ്.സി.ഡി1/16/നി.സെ.)

ചട്ടങ്ങൾ മൂന്ന് വർഷങ്ങൾക്ക് ശേഷമാണ് സാധൂകരണത്തിനായി സമിതി മുമ്പാകെ വന്നിട്ടുള്ളതെന്ന് നിരീക്ഷിച്ച സമിതി ചട്ടങ്ങൾക്ക് സമിതിയുടെ സാധൂകരണം തേടുന്നതിന് കാലതാമസമുണ്ടാകരുതെന്ന നിർദ്ദേശം നൽകി.

(2) കേരള ജനന-മരണ രജിസ്ട്രേഷൻ (ഭേദഗതി) ചട്ടങ്ങൾ, 2015 എസ്.ആർ.ഒ.നം. 484/15

(ഫയൽ നം. 923/സബ്.സി.ഡി1/16/നി.സെ.)

(3) 2016-ലെ കേരള മുനിസിപ്പാലിറ്റി (തെരഞ്ഞെടുപ്പ് നടത്തിപ്പ്) ഭേദഗതിചട്ടങ്ങൾ എസ്.ആർ.ഒ.നം. 44/2016

(ഫയൽ നം. 2143/സബ്.സി.ഡി1/16/നി.സെ.)

(4) കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് (ഭേദഗതി ചട്ടങ്ങൾ) 2014 എസ്.ആർ.ഒ.നം. 108/2014

(ഫയൽ നം. 1224/സബ്.സി.ഡി1/16/നി.സെ.)

4. 2015-16 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 5-ാമത് റിപ്പോർട്ടിലെ 1, 3 എന്നീ ശിപാർശകളിന്മേൽ ഭവന നിർമ്മാണ വകുപ്പിൽ നിന്നും ലഭിച്ച മറുപടികൾ സമിതി പരിഗണിച്ചു പ്രസ്തുത മറുപടിയിൽ "2015-16-ലെ ബഡ്ജറ്റ് സംബന്ധിച്ച സർവ്വകണക്കുകളും ഏകദേശം പൂർത്തിയായ സാഹചര്യത്തിൽ ടി ആവശ്യത്തിന് പ്രസക്തിയില്ല" എന്ന് സൂചിപ്പിച്ചതിന്മേൽ സമിതി ബന്ധപ്പെട്ട വകുപ്പിനോട് വിശദീകരണമാരാഞ്ഞു. വീഴ്ച സംഭവിച്ചതിൽ ക്ഷമാപണം നടത്തുകയും വിശദമായ മറുപടി ലഭ്യമാക്കാമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഉറപ്പു നൽകുകയുംചെയ്ത സാഹചര്യത്തിൽ ശിപാർശ-1-ന്മേലുള്ള മറുപടി എത്രയും വേഗം ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുകയും ശിപാർശ 3-ന്റെ മറുപടിയിലെ ആദ്യത്തെ വാചകം ഒഴിവാക്കി അംഗീകരിക്കുകയും ചെയ്തു.

5. സമിതിയുടെ 2016 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

6. താഴെപ്പറയുന്ന കുറിപ്പുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(1) കേരള സ്റ്റേറ്റ് പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ പ്രവർത്തനത്തിന് മതിയായ ഫണ്ട് അനുവദിക്കുന്നത് സംബന്ധിച്ച സർക്കാർ മറുപടി.

(ഫയൽ നമ്പർ 3337/സബ്.സി.ഡി1/2015/നി.സെ.)

(2) നഗര-ഗ്രാമ പ്രദേശങ്ങളിലെ അയൽക്കൂട്ടങ്ങൾ സന്ദർശിക്കുന്നത് സംബന്ധിച്ച്.

(ഫയൽ നമ്പർ 4990/സബ്.സി.ഡി1/2014/നി.സെ.)

പ്രസ്തുത വിഷയം പിന്നീട് പരിഗണിക്കുവാൻ സമിതി തീരുമാനിച്ചു.

7. സമിതിയുടെ അടുത്ത യോഗം 2016 ഒക്ടോബർ 6-ാം തീയതി തിരുവനന്തപുരത്തു വച്ച് കൂടുവാനും തീരുമാനിച്ചു.

സമിതി യോഗം ഉച്ചയ്ക്കു ശേഷം 1.45-ന് പിരിഞ്ഞു.

## 17-10-2016-ലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം സബ്ജക്ട് കമ്മിറ്റിയുടെ ഒരു യോഗം 2016 ഒക്ടോബർ മാസം 17-ാം തീയതി തിങ്കളാഴ്ച സഭാസമ്മേളനത്തിനു ശേഷം 5.05-ന് നിയമസഭാ സമുച്ചയത്തിലെ 'V-D' സമ്മേളന ഹാളിൽ സമിതി ചെയർമാനും തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രിയുമായ ഡോ. കെ. ടി. ജലീലിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിയുമായ ശ്രീ. ഇ. ചന്ദ്രശേഖരനും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

<u>ഹാജരായ അംഗങ്ങൾ</u> :

1. ശ്രീമതി പി. അയിഷാ പോറ്റി, എം.എൽ.എ.
2. ശ്രീ. അനിൽ അക്കര, എം.എൽ.എ.
3. ശ്രീ. കെ. ആൻസലൻ, എം.എൽ.എ.
4. ശ്രീ. കെ. ബാബു, എം.എൽ.എ.
5. ശ്രീ. പി. ഉബൈദുള്ള, എം.എൽ.എ.
6. ശ്രീ. ഇ. കെ. വിജയൻ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

1. ശ്രീ. എ. ഷാജഹാൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ജി. എസ്. സുരേഷ് കുമാർ, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീ. റ്റി. പി. വിജയകമാർ, സ്പെഷ്യൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.

2. ശ്രീമതി പി. ശോഭന, ജോയിന്റ് സെക്രട്ടറി, ഭവനനിർമ്മാണ വകുപ്പ്.

2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനാ റിപ്പോർട്ടിൻമേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ, ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് എന്നിവ സമിതി പരിഗണനയ്ക്കെടുക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട ചുവടെ പറയുന്ന നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിച്ചു.

നഗരവികസനം സംബന്ധിച്ച XXII-ാം നമ്പർ ധനാഭ്യർത്ഥനയുമായി ബന്ധപ്പെട്ട 23, 24, 25, 26, 27, 28, 30, 31, 32, 33 എന്നീ ഖണ്ഡികകളിലെ ശിപാർശകളിൻമേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ, പഞ്ചായത്തിനെ സംബന്ധിച്ച XXXV-ാം നമ്പർ ധനാഭ്യർത്ഥനയുമായി ബന്ധപ്പെട്ട 35, 36, 41 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ, ഗ്രാമവികസനം സംബന്ധിച്ച XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ 43 മുതൽ 48 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ എന്നിവ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ഭവനനിർമ്മാണ വകുപ്പുമായി ബന്ധപ്പെട്ട 1-ാം നമ്പർ ഖണ്ഡികയിലെ ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ൽ നിന്നും 7-7-2016-ലെ ബുള്ളറ്റിൻ നമ്പർ 25 ഭാഗം 2 പ്രകാരം കൈമാറിക്കിട്ടിയ ന്യൂനപക്ഷക്ഷേമം സംബന്ധിച്ച XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ 114 മുതൽ 122 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകളിൻമേൽ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിച്ച് അംഗീകരിക്കുകയും ആയത് സമിതി റിപ്പോർട്ടിൽ ഉൾപ്പെടുത്തുവാൻ തീരുമാനിക്കുകയും ചെയ്തു.

സമിതിയുടെ 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് സമിതി അംഗീകരിച്ചു.

യോഗം വൈകന്നേരം 5.15-ന് പിരിഞ്ഞു.

## 14-12-2016 -ലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം സബ്ജക്ട് കമ്മിറ്റി, 2016 ഡിസംബർ മാസം 14-ാം തീയതി ബുധനാഴ്ച രാവിലെ 11.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '3 ബി' സമ്മേളന ഹാളിൽ സമിതി അദ്ധ്യക്ഷനും തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രിയുമായ ഡോ. കെ.ടി. ജലീലിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

ശ്രീമതി പി. അയിഷാ പോറ്റി എം.എൽ.എ.

ശ്രീ. പി. ഉബൈദുള്ള, ,,

ശ്രീ. ഇ.കെ. വിജയൻ, ,,

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. എ. ഷാജഹാൻ, ജോയിന്റ് സെക്രട്ടറി

ശ്രീ. രാജു. കെ. എ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ജി. എസ്. സുരേഷ് കുമാർ, അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ :

ശ്രീ. ടി. കെ. ജോസ്, പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്

ശ്രീ. എ. ഷാജഹാൻ, സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്

ശ്രീ. പി. പുരുഷോത്തമൻ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്

2. സമിതി 2015-ലെ കേരള മുനിസിപ്പാലിറ്റി (വാർഡുസഭ രൂപീകരണവും യോഗനടപടി ക്രമങ്ങളും) ചട്ടങ്ങൾ (എസ്.ആർ.ഒ. നമ്പർ 210/2015) പരിഗണിക്കുകയും, ചട്ടം 4-ലെ വാർഡ് സഭയുടെ യോഗങ്ങൾ 'എന്നതിലെ' ഏതൊരു വാർഡുസഭയുടെയും യോഗം അതിന്റെ കൺവീനർ മൂന്നുമാസത്തിലൊരിക്കലും, ഇടയ്ക്കുള്ള കാലയളവിൽ, രാവിലെ 9 മണിക്കും ..... 'എന്നതിൽ' 'ഇടയ്ക്കുള്ള കാലയളവിൽ' എന്നത് 'ഇടയ്ക്കുള്ള കാലയളവിലും' എന്ന് ഭേദഗതി ചെയ്യണമെന്ന നിർദ്ദേശത്തോടെ ടി എസ്.ആർ.ഒ.യ്ക്ക് സാധൂകരണം നൽകാൻ തീരുമാനിക്കുകയും ചെയ്തു.

3. <u>നഗര-ഗ്രാമ പ്രദേശങ്ങളിലെ അയൽക്കൂട്ടങ്ങൾ സന്ദർശിക്കുന്നത് സംബന്ധിച്ച്</u>

കൊട്ടാരക്കരയിലെ ഗ്രാമവികസന ഇൻസ്റ്റിറ്റ്യൂട്ട് സന്ദർശിക്കുന്നത് സംബന്ധിച്ച വിഷയം സമിതി ചർച്ച ചെയ്തു. ഗ്രാമവികസന ഇൻസ്റ്റിറ്റ്യൂട്ട് 'കില'യുമായി ലയിപ്പിച്ച ശേഷം 'കില'യുടെ സബ്സെന്ററായി മാറിയിരിക്കുയാണെന്നും നിലവിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തി തൃശ്ശൂരും കൊട്ടാരക്കരയിലും തളിപ്പറമ്പിലെ ഇ.ടി.സി.യിലും അട്ടപ്പാടിയിലെ അഹാഡ്സിലും ജനപ്രതിനിധികളുടെയും പഞ്ചായത്ത് പ്രതിനിധികളുടെയും പരിശീലനം നടത്താൻ ആലോചിക്കുന്നതായും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

4. രണ്ടാഴ്ചയ്ക്കുള്ളിൽ ഗ്രാമവികസന ഇൻസ്റ്റിറ്റ്യൂട്ട് സന്ദർശിക്കാനും മുനിസിപ്പാലിറ്റി ഉദ്യോഗസ്ഥരെ കൂടി ഉൾപ്പെടുത്തി 'കുടുംബശ്രീ മിഷനും അതിന്റെ പ്രവർത്തനങ്ങളും' എന്ന വിഷയം ചർച്ച ചെയ്യാനും സമിതി തീരുമാനിച്ചു. കൂടാതെ കൊട്ടാരക്കരയിലെ ഉമ്മന്നൂർ ഗ്രാമപഞ്ചായത്തിലെ തെരഞ്ഞെടുക്കപ്പെട്ട അയൽക്കൂട്ടങ്ങൾ സന്ദർശിക്കാനും സമിതി തീരുമാനിച്ചു.

5. നഗര തൊഴിലുറപ്പ് പദ്ധതികളുടെ പുരോഗതി, മാലിന്യനിർമ്മാർജ്ജന പരിപാടികൾ എന്നിവ നിയമസഭാ ചട്ടം 235(എ) പ്രകാരം സമിതി ചർച്ച ചെയ്തു.

6. മാലിന്യ നിർമ്മാർജ്ജനം സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകൾക്ക് ഉത്തരവാദിത്വം നിശ്ചയിച്ചു കൊടുക്കേണ്ടതിന്റെ ആവശ്യകത തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. ഇക്കാര്യത്തിൽ ഒരു കുറിപ്പ് തദ്ദേശസ്വയംഭരണ വകുപ്പ് തയ്യാറാക്കി നിയമസഭാ സെക്രട്ടേറിയറ്റിന് നൽകണമെന്നും അതിന്റെ അടിസ്ഥാനത്തിൽ ഇത് സംബന്ധിച്ച് ചീഫ് സെക്രട്ടറിക്ക് കത്തയയ്ക്കുവാനും സമിതി നിർദ്ദേശിച്ചു.

യോഗം ഉച്ചയ്ക്ക് ശേഷം 12.30-ന് പിരിഞ്ഞു.

## 16-1-2017-ന് കൊട്ടാരക്കര ഗ്രാമവികസന ഇൻസ്റ്റിറ്റ്യൂട്ടിൽ (SIRD) ചേർന്ന യോഗത്തിന്റെയും കുടുംബശ്രീ യൂണിറ്റുകളിലെ സന്ദർശനത്തിന്റെയും നടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം സബ്ജക്ട് കമ്മിറ്റി 2017 ജനുവരി മാസം 16-ാം തീയതി തിങ്കളാഴ്ച രാവിലെ 11.30 മണിക്ക് കൊല്ലം, കൊട്ടാരക്കര ഗ്രാമവികസന ഇൻസ്റ്റിറ്റ്യൂട്ട് കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും തദ്ദേശസ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും

വകുപ്പുമന്ത്രിയുമായ ഡോ. കെ. ടി. ജലീലിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീമതി പി. അയിഷാ പോറ്റി, എം.എൽ.എ.
2. ശ്രീ. അനിൽ അക്കര, എം.എൽ.എ.
3. ശ്രീ. കെ. ബാബു, എം.എൽ.എ.
4. ശ്രീ. കെ. എസ്. ശബരീനാഥൻ, എം.എൽ.എ.
5. ശ്രീ. പി. ഉബൈദുള്ള, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീ. എ. ഷാജഹാൻ, ജോയിന്റ് സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീമതി എസ്.ഗീതാകുമാരി, ചെയർപേഴ്സൺ, കൊട്ടാരക്കര മുനിസിപ്പാലിറ്റി
2. ശ്രീ. പി.ജെ.ആന്റണി, ഡയറക്ടർ, എസ്.ഐ.ആർ.ഡി.
3. ശ്രീ. കെ.ഷൗക്കത്തലി, അഡീഷണൽ ഡെപ്യൂട്ടി കമ്മീഷണർ, ഗ്രാമവികസന വകുപ്പ്
4. ശ്രീ. ടി.എം.മുഹമ്മദ് ജാ, ഡി.ഡി.സി., കില, സി.എച്ച്.ആർ.ഡി.
5. ശ്രീ.സി.അജോയ്, ജില്ലാ ഇൻഫർമേഷൻ ഓഫീസർ, കൊല്ലം
6. ശ്രീ. എം.എസ്.അനിൽകുമാർ, ബി.ഡി.ഒ., കൊട്ടാരക്കര
7. ശ്രീ. ശരത്ചന്ദ്രക്കുറുപ്പ് പി.കെ., ബി.ഡി.ഒ., വെട്ടിക്കവല
8. ശ്രീ. എസ്.ശശികുമാർ, പ്രസിഡന്റ്, കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത്
9. ഡോ. ഉമ്മൻ ജോൺ, ഫാക്കൽറ്റി, എസ്.ഐ.ആർ.ഡി.
10. ഡോ. വിനോദ്, എസ്, ഫാക്കൽറ്റി മെമ്പർ, (സോഷ്യോളജി), എസ്.ഐ.ആർ.ഡി.
11. ശ്രീ. എബിൻ വർഗീസ്, ഫാക്കൽറ്റി മെമ്പർ, (എൻ.ആർ.എം), കില, സി.എച്ച്.ആർ.ഡി.
12. ഡോ. അമൃത്‌രാജ്, ആർ.എം., സ്പെഷ്യലിസ്റ്റ് വുമൺ സ്റ്റഡീസ്
13. ശ്രീമതി ഷെറിൻ ചാക്കോ, സ്പെഷ്യലിസ്റ്റ് ഇൻ സോഷ്യൽ വർക്ക് (ആർ.ജി.എസ്.എ.)

കൊട്ടാരക്കരയിലെ കേരള സംസ്ഥാന ഗ്രാമവികസന ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം സംബന്ധിച്ച് സമിതി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി. സന്ദർശനത്തിന്

എത്തിച്ചേർന്ന സമിതി ചെയർമാനെയും അംഗങ്ങളെയും ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ സ്വാഗതം ചെയ്തു. 1987-ൽ SIRD സ്ഥാപിതമായശേഷം ആദ്യമായിട്ടാണ് ഒരു നിയമസഭാ സബ്ജക്ട് കമ്മിറ്റി സ്ഥാപനം സന്ദർശിക്കുന്നതെന്ന് ഡയറക്ടർ ചൂണ്ടിക്കാട്ടി.

ഗ്രാമവികസന ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും പൊതുവായ പ്രശ്നങ്ങൾ എന്തെല്ലാമാണെന്ന് പഠിച്ച് പരിഹാരം കാണുകയും ചെയ്യുക എന്ന ഉദ്ദേശത്തോടുകൂടിയാണ് SIRD യെ കിലയുമായി ലയിപ്പിക്കുവാൻ തീരുമാനിച്ചശേഷം, ഇങ്ങനെയൊരു യോഗം ചേരാൻ തീരുമാനിച്ചതെന്ന് സമിതി ചെയർമാൻ ആമുഖമായി അറിയിച്ചു.

എസ്.ഐ.ആർ.ഡി.യെ നല്ല രീതിയിൽ മുന്നോട്ടുകൊണ്ടുപോകണമെന്ന ഉദ്ദേശ്യത്തോടുകൂടിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും ഉദ്യോഗസ്ഥർക്കും പൊതുജനങ്ങൾക്കും രാജ്യാന്തര നിലവാരത്തിലുള്ള പരിശീലനം ലഭ്യമാക്കുന്നതിന് സഹായകരമായ രീതിയിൽ പുനഃസംഘടിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടു കൂടിയുമാണ് സ്ഥാപനത്തെ കിലയുമായി ലയിപ്പിച്ചതെന്ന് ചെയർമാൻ വിശദീകരിച്ചു. തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള വിവിധ വകുപ്പുകളിലെ ജീവനക്കാരെ ഒരു കോമൺ സർവ്വീസിന്റെ ഭാഗമാക്കുന്നതിനുള്ള നിയമ നിർമ്മാണം നടത്തുന്നതിന് നടപടി സ്വീകരിച്ചു വരികയാണെന്നും ചെയർമാൻ അറിയിച്ചു.

ഗ്രാമവികസന ഇൻസ്റ്റിറ്റ്യൂട്ടിനെ കിലയുമായി ലയിപ്പിച്ചെങ്കിലും സ്ഥാപനത്തിന് ലഭിക്കാനുള്ള ഒരു പദ്ധതിയും നഷ്ടപ്പെടുന്നതല്ലെന്നും മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ഗ്രാമവികസന വകുപ്പിന്റെയും പരിശീലന കേന്ദ്രമായി മാറ്റുന്നതിന്റെ ഭാഗമായി സ്ഥാപനത്തിന്റെ പേര് 'സെന്റർ ഫോർ ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ്' എന്നും ഡയറക്ടറുടെ തസ്തിക 'റീജിയണൽ ഡയറക്ടർ' എന്നും പുനർ നാമകരണം ചെയ്തുകൊണ്ടും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും ചെയർമാൻ തുടർന്ന് അറിയിച്ചു. ഗ്രാമവികസന ഇൻസ്റ്റിറ്റ്യൂട്ടിനെ ഒരു സർവ്വകലാശാലയായി മാറ്റുന്നതിനെക്കുറിച്ച് ആലോചിച്ചുവെങ്കിലും സാമ്പത്തിക ബുദ്ധിമുട്ടുകളും, സംസ്ഥാനത്ത് ഇപ്പോൾ തന്നെ ആവശ്യത്തിലധികം സർവ്വകലാശാലകൾ സ്ഥാപിച്ചു കഴിഞ്ഞിട്ടുണ്ടെന്നുമുള്ള വസ്തുതകൾ കണക്കിലെടുത്ത് SIRD യെ ഒരു ഇന്റർനാഷണൽ സെന്റർ ഫോർ ട്രെയിനിംഗ് എന്ന രീതിയിൽ വികസിപ്പിച്ചെടുക്കാൻ തീരുമാനിച്ചിരിക്കുകയാണെന്നും ചെയർമാൻ ചൂണ്ടിക്കാട്ടി. സമിതി അംഗമായ ശ്രീമതി പി.അയിഷാ പോറ്റി, എം.എൽ.എ യുടെ നിർദ്ദേശം കണക്കിലെടുത്ത് ഉമ്മന്നൂർ ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീ സംവിധാനത്തെക്കുറിച്ച് പഠിക്കാൻ അവിടെയുള്ള അയൽക്കൂട്ടങ്ങൾ സന്ദർശിക്കുന്നതാണെന്നും ചെയർമാൻ അറിയിച്ചു. കുടുംബശ്രീ അംഗങ്ങൾക്ക് കൂടി സെന്ററിൽ പരിശീലനം നൽകുന്നതിനെക്കുറിച്ചും ആലോചിക്കുന്നുണ്ടെന്നും ചെയർമാൻ വ്യക്തമാക്കി.

ഗ്രാമവികസന ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് എസ്.ഐ.ആർ.ഡി. ഫാക്കൽറ്റി അംഗം ഡോ.ഉമ്മൻ ജോൺ സമിതിയിൽ വിശദീകരിച്ചു. ഗ്രാമ പ്രദേശങ്ങളിലെ ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് 1-1-1987 മുതൽ പ്രവർത്തിക്കുന്ന സ്ഥാപനമാണിതെന്നും ഗ്രാമവികസന പരിപാടികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്കും അനുദ്യോഗസ്ഥർക്കും പരിശീലനം നൽകുന്നുണ്ടെന്നും, ഗ്രാമവികസന വകുപ്പ് മന്ത്രി അധ്യക്ഷനായുള്ള ഗവേണിംഗ് ബോഡിയും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനുമായുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയുമാണ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭരണ സംവിധാനം നിർവ്വഹിക്കുന്നതെന്നും ദൈനംദിന ഭരണം നിർവ്വഹിക്കുന്നത് ഗ്രാമവികസന വകുപ്പ് ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ പദവിയിലുള്ള ഡയറക്ടർ ആണെന്നും സ്ഥാപനത്തിന്റെ ആവർത്തന ചെലവുകൾ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തുല്യമായാണ് വഹിക്കുന്നതെന്നും കോർ ഫാക്കൽറ്റി അംഗങ്ങളുടെ ശമ്പളവും അലവൻസുകളും പൂർണ്ണമായും കേന്ദ്ര സർക്കാരാണ് വഹിക്കുന്നതെന്നും ഫാക്കൽറ്റി അംഗം ഡോ. ഉമ്മൻ ജോൺ വിശദമാക്കി. തുടർന്ന് അദ്ദേഹം ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭൗതിക സൗകര്യങ്ങളെക്കുറിച്ച് വിശദീകരിച്ചു.

സ്ഥിരം നിയമനത്തിന് അപേക്ഷ ക്ഷണിച്ചിട്ടുണ്ടോയെന്നും ഫാക്കൽറ്റി അംഗങ്ങൾക്ക് പി.എച്ച്.ഡി. ആവശ്യമുണ്ടോയെന്നും സമിതി ആരാഞ്ഞതിന് പി.എച്ച്.ഡി. ഉള്ള ഒരാളും മറ്റുള്ളവർ കരാർ അടിസ്ഥാനത്തിൽ ഉള്ളവരാണെന്നും എസ്.ഐ.ആർ.ഡി. ഫാക്കൽറ്റി അംഗം അറിയിച്ചു. മിനിസ്റ്റീരിയൽ സ്റ്റാഫിൽ അഞ്ചുപേർ ഡെപ്യൂട്ടേഷനിലാണ് ജോലി ചെയ്യുന്നതെന്നും കോൺട്രാക്റ്റ് അടിസ്ഥാനത്തിലുള്ള 33 തസ്തികകളിൽ 30 തസ്തികകളിലും ആളുണ്ടെന്നും ട്രെയിനിംഗ് കലണ്ടർ അനുസരിച്ച് കേന്ദ്ര സർക്കാരാണ് ഫണ്ട് അനുവദിക്കുന്നതെന്നും അദ്ദേഹം തുടർന്നറിയിച്ചു. 2016-2017 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും 74 ലക്ഷത്തിലധികം രൂപ ലഭിച്ചതായും ഗ്രാമ-ബ്ലോക്ക് പഞ്ചായത്ത് ജനപ്രതിനിധികൾ, ഗ്രാമവികസന വകുപ്പിലെ സംസ്ഥാന/ജില്ലാ/ബ്ലോക്ക്തല ഉദ്യോഗസ്ഥർ, വിവിധ വകുപ്പുകളിലെ ജില്ലാ ബ്ലോക്ക് തല ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനാ പ്രതിനിധികൾ, സ്പോൺസേർഡ് പ്രോഗ്രാം എന്നിങ്ങനെ പ്രധാനമായും അഞ്ച് കാറ്റഗറിയായാണ് ട്രെയിനിംഗ് നൽകുന്നതെന്നും എല്ലാ വർഷവും കലണ്ടർ തയ്യാറാക്കി ക്യാമ്പസ് പ്രോഗ്രാമുകളും നടത്തുന്നുണ്ടെന്നും ഫാക്കൽറ്റി അംഗം വിശദീകരിച്ചു.

ക്യാഷ്‌ലെസ് സിസ്റ്റത്തിലേക്ക് ജനങ്ങളെ മാറ്റുന്നതിനുള്ള പരിശീലനം, പുതിയതായി തെരഞ്ഞെടുക്കപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് പ്രതിനിധികൾക്കുള്ള പരിശീലനം, 'ബ്ലോക്ക് പഞ്ചായത്ത് ഭരണവും ഗ്രാമവികസന പദ്ധതികളും' എന്ന കൈപ്പുസ്തകം തയ്യാറാക്കൽ, വി.ഇ.ഒ.മാർക്കുള്ള പരിശീലനം, മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി. പദ്ധതിയുമായി ബന്ധപ്പെട്ട പരിശീലനം, കേന്ദ്ര സെക്രട്ടേറിയറ്റിലെ

അണ്ടർ സെക്രട്ടറി, സെക്ഷൻ ഓഫീസർ എന്നിവർക്കായി സ്റ്റേറ്റ് ലെവൽ ഫീൽഡ് അറ്റാച്ച്മെന്റ് പ്രോഗ്രാം, സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള മാനുവൽ തയ്യാറാക്കൽ എന്നിവ സംഘടിപ്പിച്ചതായി ഫാക്കൽറ്റി അംഗം വ്യക്തമാക്കി. സംസ്ഥാനത്തെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കും ഈ സ്ഥാപനത്തിൽ പരിശീലനം നൽകിയാൽ അത് നേട്ടമായിരിക്കുമെന്ന് വിലയിരുത്തിയ സമിതി, സ്ഥാപനത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുള്ളതെന്ന് ആരാഞ്ഞു. നിലവിൽ ഉദ്യോഗസ്ഥരുടെ കുറവുണ്ടെന്നും ആയത് പരിഹരിക്കുന്നത് നന്നാകുമെന്നും എസ്.ഐ.ആർ.ഡി. ഫാക്കൽറ്റി അംഗം അറിയിച്ചു.

പരിശീലനം നൽകുന്നതിന്റെ ഗുണം ഗ്രാമവികസന മേഖലയിൽ ലഭിക്കുന്നുണ്ടോ എന്നും പരിശീലനത്തിന് മുമ്പും പിമ്പും ഉള്ള അവസ്ഥ താരതമ്യം നടത്തിയിട്ടുണ്ടോ എന്നും സമിതി ആരാഞ്ഞതിന്, പരിശീലനത്തിനുശേഷം ഫീഡ്ബാക്ക് തയ്യാറാക്കാൻ ആവശ്യപ്പെടുകയും ആയത് ഇവാല്യൂവേറ്റ് ചെയ്ത് ഒരു പാരാമീറ്ററുണ്ടാക്കി അതനുസരിച്ച് മുന്നോട്ട് പോവുകയുമാണ് ചെയ്യുന്നതെന്ന് ഫാക്കൽറ്റി അംഗം മറുപടി പറഞ്ഞു.

ജനപ്രതിനിധികളും, വി.ഇ.ഒ.മാരും യോജിച്ച് പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാട്ടിയ സമിതി, കോമൺ സർവ്വീസിന്റെ ഭാഗമാകുന്നതോടെ അവർ തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിന് ഊന്നൽ കൊടുത്തുകൊണ്ടുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചു. ഫീൽഡ് ജോലിക്കായി പോകുന്ന വി.ഇ.ഒ.മാർ എപ്പോൾ എവിടേയ്ക്ക് പോകുന്നു എന്നത് സംബന്ധിച്ച് പഞ്ചായത്ത് ഓഫീസുകളിലും ബ്ലോക്ക് ഓഫീസുകളിലും നിർബന്ധമായും മൂവ്മെന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണെന്ന നിർദ്ദേശം പഞ്ചായത്ത് ഡയറക്ടറും, ഗ്രാമവികസന കമ്മീഷണറും അടിയന്തരമായി നൽകണമെന്നും സമിതി നിർദ്ദേശിച്ചു. കൂടാതെ പഞ്ചായത്ത് അസോസിയേഷൻ ഭാരവാഹികൾക്കും ജനപ്രതിനിധികൾക്കും സംയുക്തമായി പരിശീലനം നൽകുന്നത് ഗുണകരമാകുമെന്ന് സമിതി ചൂണ്ടിക്കാട്ടി. മാർച്ച് അവസാനം നടത്തുന്ന പരിശീലന പരിപാടിയിൽ സമിതിയുടെ നിർദ്ദേശം ഉൾപ്പെടുത്തുന്നതാണെന്ന് ഫാക്കൽറ്റി അംഗം സമിതിയെ അറിയിച്ചു. തുടർന്ന് സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച സ്ലൈഡ്ഷോ നടത്തി.

യോഗം ഉച്ചയ്ക്ക് 12.15-ന് പിരിഞ്ഞു.

ഉച്ചയ്ക്കുശേഷം 1.30 മണിക്ക് സമിതി ഉമ്മന്നൂർ ഗ്രാമപഞ്ചായത്ത് ഓഫീസിൽ യോഗം ചേർന്നു. പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി ലിസി ജോസ് സ്വാഗതം ആശംസിക്കുകയും സി.ഡി.എസ്. ചെയർപേഴ്സൺ ശ്രീമതി ബിന്ദു പ്രകാശ് വിഷയാവതരണം നടത്തുകയും ചെയ്തു. തുടർന്ന് വിവിധ മേഖലകളിലെ പ്രവർത്തനങ്ങൾ വിശദമാക്കിക്കൊണ്ടുള്ള സ്ലൈഡ്ഷോ നടത്തി. സമിതി ചെയർമാൻ സന്ദർശനോദ്ദേശ്യം

സംബന്ധിച്ച് വിശദീകരിക്കുകയും, പഞ്ചായത്തിന്റെയും, കുടുംബശ്രീയുടെയും ആഭിമുഖ്യത്തിൽ നടത്തുന്ന എല്ലാ പ്രവർത്തനങ്ങൾക്കും സർക്കാരിന്റെ സഹായവും സഹകരണവും ഉറപ്പു നൽകുകയും ചെയ്തു.

പ്രവാസ ജീവിതത്തിനുശേഷം മടങ്ങിയെത്തിയ സ്ത്രീകളുടെയും ഉന്നത വിദ്യാഭ്യാസം നേടിയ പെൺകുട്ടികളുടെയും സേവനം ലഭ്യമാക്കുന്ന തരത്തിൽ അവരെ കൂടി അയൽക്കൂട്ടങ്ങളിൽ അംഗങ്ങൾ ആക്കണമെന്നും നിർദ്ധനരും സമർത്ഥരുമായ വിദ്യാർത്ഥികളുടെ ഉപരിപഠനത്തിനായി കുടുംബശ്രീയുടെ നേതൃത്വത്തിൽ ഒരു പാരലൽ കോളേജും , വിവാഹമോചന കേസുകൾ ക്രമാതീതമായി വർദ്ധിക്കുന്ന സാഹചര്യത്തിൽ വിവാഹപൂർവ്വ കൗൺസിലിംഗ് സെന്ററും ആരംഭിക്കുന്നതിനെക്കുറിച്ച് ഗൗരവമായി ചിന്തിക്കണമെന്നും സമിതി നിർദ്ദേശിച്ചു. ഉമ്മന്നൂർ ഗ്രാമപഞ്ചായത്തിന്റെയും അയൽക്കൂട്ടത്തിന്റെയും പ്രവർത്തനങ്ങൾ മാതൃകാപരമാണെന്നും പരിസ്ഥിതി സംരക്ഷണം, മാലിന്യ നിർമ്മാർജ്ജനം, സ്ത്രീ ശാക്തീകരണം, ജാഗ്രതാ സമിതികളുടെ പ്രവർത്തനം, അഗതി രഹിത പഞ്ചായത്ത്, സ്ത്രീ സുരക്ഷാ പദ്ധതി, ആട് ഗ്രാമം, കോഴി വളർത്തൽ, സോപ്പ് നിർമ്മാണം, കുട നിർമ്മാണം, തയ്യൽ പരിശീലനം തുടങ്ങി നിരവധി മേഖലകളിൽ നടത്തുന്ന പ്രവർത്തനങ്ങൾക്ക് സർക്കാരിന്റെ ഭാഗത്ത് നിന്ന് എല്ലാവിധ പിന്തുണയും സഹായവും ലഭ്യമാക്കുന്നതാണെന്നും സമിതി അറിയിച്ചു. ഉമ്മന്നൂർ ഗ്രാമപഞ്ചായത്തിന്റെ മാതൃകാപരമായ പ്രവർത്തനങ്ങൾ മറ്റ് നിയോജകമണ്ഡലങ്ങളിൽ കൂടി നടപ്പാക്കുന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കുന്നതാണെന്ന് സമിതി ഉറപ്പ് നൽകി.

സ്ഥലം എം.എൽ.എ. യും സമിതി അംഗവുമായ ശ്രീമതി പി.അയിഷാ പോറ്റി, സ്ഥല സന്ദർശനത്തിന് തയ്യാറായതിന് സമിതിക്ക് നന്ദി രേഖപ്പെടുത്തുകയും, ജാതി-മത-കക്ഷി രാഷ്ട്രീയത്തിനതീതമായി പ്രവർത്തിക്കുന്ന അംഗങ്ങളുടെ ഒത്തൊരുമയും ഐക്യവുമാണ് ഉമ്മന്നൂർ ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീ യൂണിറ്റുകളുടെ മാതൃകാപരമായ പ്രവർത്തനങ്ങൾക്ക് അടിസ്ഥാനമെന്ന് അറിയിക്കുകയും ചെയ്തു.

യോഗം ഉച്ചയ്ക്കുശേഷം 2.00 മണിക്ക് പിരിഞ്ഞു.

സമിതി ഉച്ചയ്ക്ക് ശേഷം 2.30 മണിക്ക് കമ്പംകോട് വയണാമൂലയിൽ പ്രവർത്തിക്കുന്ന തണൽ ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ സന്ദർശിക്കുകയും അന്തേവാസികളുടെ ക്ഷേമവിവരങ്ങൾ ആരായുകയും അവരുടെ കലാപരിപാടികൾ ആസ്വദിക്കുകയും ചെയ്തു. തുടർന്ന് സമിതി സമീപത്ത് പ്രവർത്തിക്കുന്ന അർച്ചനാ ടെയിലറിംഗ് & റെഡിമെയ്ഡ് ഗാർമെന്റ്സ് യൂണിറ്റ് സന്ദർശിച്ചു. തുടർന്ന് വയയ്ക്കലിൽ പ്രവർത്തിക്കുന്ന 'പൊലിവ് ' ജൈവ പച്ചക്കറി തോട്ടം സന്ദർശിക്കുകയും യൂണിറ്റംഗങ്ങളുടെ മാതൃകാപരമായ പ്രവർത്തനം നേരിൽ കണ്ട് ബോധ്യപ്പെടുകയും ചെയ്തു. വൈകുന്നേരം 3.30-ന് അമ്പലക്കര ഐശ്വര്യ ആടുവളർത്തൽ കേന്ദ്രം സന്ദർശിച്ച സമിതി, ആടുവളർത്തൽ സംബന്ധിച്ച് യൂണിറ്റംഗങ്ങളിൽ നിന്നും വിശദാംശങ്ങൾ ആരാഞ്ഞു. സമിതി അംഗങ്ങളുടെ

അറിവിലേക്കായി ഒരു മാതൃകാ അയൽക്കൂട്ട യോഗം ചേർന്ന് നടപടിക്രമങ്ങൾ നേരിൽ ബോധ്യപ്പെടുത്തി. വൈകിട്ട് 4 മണിയോടെ സമിതി അണ്ടൂർ മാതൃകാ എ.ഡി.എസ്. സന്ദർശിക്കുകയും യൂണിറ്റിന്റെ പ്രവർത്തനത്തിന് എല്ലാവിധ സഹായങ്ങളും വാഗ്ദാനം ചെയ്യുകയും ചെയ്തു. നിലവിൽ നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങൾ കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ഉദ്യോഗസ്ഥരായ സ്ത്രീകളുടെ വീടുകളിൽ കുട്ടികളെയും, വൃദ്ധരെയും പരിപാലിക്കുന്നതിന് വിശ്വാസ്യതയും ആത്മാർത്ഥതയുമുള്ള യൂണിറ്റ് അംഗങ്ങളുടെ സേവനം ഉപയോഗപ്പെടുത്തുന്നത് സംബന്ധിച്ച് പരിശോധിക്കണമെന്ന് സമിതി യൂണിറ്റംഗങ്ങളോട് നിർദ്ദേശിച്ചു.

സമിതി സന്ദർശനം വൈകുന്നേരം 4.45-ന് അവസാനിച്ചു.

## 9-3-2017-ലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം സബ്ജക്ട് കമ്മിറ്റി, 2017 മാർച്ച് മാസം 9-ാം തീയതി വ്യാഴാഴ്ച സഭാ സമ്മേളനത്തിനുശേഷം ഉച്ചയ്ക്കുശേഷം 2.15-ന് നിയമസഭാ സമുച്ചയത്തിലെ 'V-എ' സമ്മേളന ഹാളിൽ സമിതി ചെയർമാനും തദ്ദേശസ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രിയുമായ ഡോ. കെ. ടി. ജലീലിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ എക്സ്-ഒഫീഷ്യോ അംഗവും റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിയുമായ ശ്രീ. ഇ. ചന്ദ്രശേഖരനും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീമതി പി. അയിഷാ പോറ്റി
2. ശ്രീ. അനിൽ അക്കര
3. ,, കെ. ആൻസലൻ
4. ,, കെ. ബാബു
5. ,, കെ. എസ്. ശബരീനാഥൻ
6. ,, പി. ഉബൈദുള്ള
7. ,, ഇ. കെ. വിജയൻ

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. എ. ഷാജഹാൻ, ജോയിന്റ് സെക്രട്ടറി.
2. ശ്രീ. രാജു. കെ. എ., ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീ. എസ്. ബിജു, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. ബി. ജി. ഹരീന്ദ്രനാഥ്, സെക്രട്ടറി, നിയമ വകുപ്പ്.

2. ശ്രീ. വി. ആർ. ദിലീപ് കുമാർ, അഡീഷണൽ സെക്രട്ടറി, പൊതുഭരണ (ന്യൂനപക്ഷക്ഷേമം) വകുപ്പ്.

2017-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ (ഭേദഗതി) ബിൽ സമിതി പരിഗണനയ്ക്കെടുക്കുകയും ഭേദഗതികളില്ലാതെ അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത ബില്ലിന്മേൽ ശ്രീ. അനിൽ അക്കര, ശ്രീ. കെ. എസ്. ശബരീനാഥൻ, ശ്രീ. പി. ഉബൈദുള്ള എന്നീ അംഗങ്ങൾ വിയോജനക്കുറിപ്പ് രേഖപ്പെടുത്തുകയും ചെയ്തു.

സമിതി യോഗം ഉച്ചയ്ക്കുശേഷം 2.30-ന് പിരിഞ്ഞു.

## 27-3-2017-ലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം സബ്ജക്ട് കമ്മിറ്റിയുടെ ഒരു യോഗം 2017 മാർച്ച് മാസം 27-ാം തീയതി തിങ്കളാഴ്ച ഉച്ചയ്ക്കുശേഷം 2.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 'V-D' സമ്മേളന ഹാളിൽ സമിതി ചെയർമാനും തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രിയുമായ ഡോ. കെ. ടി. ജലീലിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

ഹാജരായ അംഗങ്ങൾ :

1. ശ്രീമതി പി. അയിഷാ പോറ്റി, എം.എൽ.എ.
2. ശ്രീ. അനിൽ അക്കര, എം.എൽ.എ.
3. ശ്രീ. കെ. ആൻസലൻ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. എ. ഷാജഹാൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. രാജു കെ. എ., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. എസ്. ബിജു, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. ടി. കെ. ജോസ്, പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
2. ശ്രീ. എ. ഷാജഹാൻ, സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്

3. ശ്രീ. പി. ബാലകിരൺ, ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്

4. ശ്രീ. വി. എസ്. സന്തോഷ് കുമാർ, അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ, ഗ്രാമവികസന വകുപ്പ്

5. ശ്രീ. കെ. ഷൗക്കത്തലി, അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ, ഗ്രാമവികസന വകുപ്പ്

6. ശ്രീ. റ്റി. കെ. സോമൻ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്

7. ശ്രീ. സി. വി. ജോയി, ഡയറക്ടർ (ഓപ്പറേഷൻസ്), ശുചിത്വ മിഷൻ

8. ശ്രീമതി എൽ. പി. ചിത്ര, ഡയറക്ടർ (ഡി.ഡബ്ല്യു), ശുചിത്വ മിഷൻ

9. ശ്രീ. കെ. രമണൻ, ചീഫ് ടൗൺ പ്ലാനർ.

2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ XXII (നഗരവികസനം), XXVIII (പലവക സാമ്പത്തിക സർവ്വീസുകൾ), XXXV (പഞ്ചായത്ത്), XLVI (സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും) എന്നീ ധനാഭ്യർത്ഥനകൾ സമിതി പരിശോധിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു. ധനാഭ്യർത്ഥനകൾ സംബന്ധിച്ച് സമിതി താഴെപ്പറയും പ്രകാരം ശിപാർശകൾ നൽകുവാൻ തീരുമാനിച്ചു.

## ധനാഭ്യർത്ഥന XXII— നഗരവികസനം

2217-05-001-69—<u>നഗരാസൂത്രണ വകുപ്പിന്റെ നവീകരണവും കമ്പ്യൂട്ടർവൽക്കരണവും</u>

നഗര ഗ്രാമാസൂത്രണ വകുപ്പിന്റെ നവീകരണത്തിനും കമ്പ്യൂട്ടർവൽക്കരണത്തിനുമായി അനുവദിച്ച ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പ്രസ്തുത ചെലവുകൾക്കായി മേൽ ശീർഷകത്തിൽ 45 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2217-05-001-65—<u>ജില്ലാ പ്ലാനിംഗ് ഓഫീസുകളിലെ ശമ്പളവും എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളും</u>

01-4—<u>മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ്</u>

വിവിധ ജില്ലാ ഓഫീസുകളിൽ 2013 മുതലുള്ള മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് കുടിശ്ശികയായി നിലനിൽക്കുന്നതിനാൽ നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ല ആയതിനാൽ ഈയിനത്തിൽ 3 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

06—വാടക, കരം, നികുതി

ജില്ലാ ഓഫീസുകളുടെ വാടകത്തുക കൊടുത്തു തീർക്കുന്നതിന് നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിലേക്ക് 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

21 —മോട്ടോർ വാഹനം

പുതിയ വാഹനങ്ങൾ വാങ്ങുന്നതിനും പഴയവ പുതുക്കുന്നതിനുമായി നിലവിൽ അനുവദിച്ച ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 90 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

21-2—അറ്റകുറ്റപ്പണികളും മെയിന്റനൻസും

വാഹനങ്ങളുടെ സുരക്ഷാചെലവും അറ്റകുറ്റപ്പണിയും നടത്തുന്നതിന് നിലവിൽ അനുവദിച്ച ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈയിനത്തിൽ 25,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

45—പി.ഒ.എൽ

അനുവദിച്ച ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 25,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2217-05-001-64—മുനിസിപ്പാലിറ്റികൾക്ക് ഡെവലപ്മെന്റ് പ്ലാനുകൾ തയ്യാറാക്കുന്നതിനുള്ള പദ്ധതികൾ

മാസ്റ്റർ പ്ലാൻ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും പ്രോജക്ട് സെല്ലിന്റെ പ്രവർത്തനത്തിനുമായി നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 1 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2217-80-003-99-34—നഗരഗ്രാമാസൂത്രണത്തിൽ ഉദ്യോഗസ്ഥർക്കും അപ്രന്റീസുകൾക്കും പരിശീലനം നൽകൽ

നഗരകാര്യ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് വിവിധ പദ്ധതികളുടെ നടത്തിപ്പിനായി കൂടുതൽ പരിശീലന പരിപാടികൾ നടത്തേണ്ടതിനാൽ നിലവിലെ വിഹിതം പര്യാപ്തമല്ല ആയതിനാൽ മേൽ ശീർഷകത്തിൽ 15 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

2217-05-001-99—മുഖ്യനഗരാസൂത്രകന്റെ ഓഫീസ്

മുഖ്യനഗരാസൂത്രകന്റെ ഓഫീസിലെ ശമ്പളവും മറ്റ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കുമായി അനുവദിച്ച ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 21-1- മോട്ടോർ

വാഹനങ്ങൾ, 21-2-മോട്ടോർ വാഹനസംരക്ഷണവും അറ്റകുറ്റപ്പണികളും എന്നീ ഇനങ്ങളിൽ 50,000 രൂപയും 45-പി.ഒ.എൽ എന്ന ഇനത്തിൽ 50,000 രൂപയും അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

2217-80-001-95 (99)—<u>കമ്പ്യൂട്ടർവൽക്കരണ വിവരസാങ്കേതികവിദ്യ പദ്ധതി</u>

മേൽ ശീർഷകം പരിശോധിക്കുകയും നഗരാസൂത്രണ വകുപ്പ് മുൻവർഷത്തിൽ ചെലവായ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

2217-80-001-92—<u>നഗരകാര്യ വകുപ്പിലെ ഉദ്യോഗസ്ഥരുടെ കാര്യശേഷി വർദ്ധിപ്പിക്കലും പരിശീലനവും</u>

നഗരകാര്യവകുപ്പിലെയും മുനിസിപ്പൽ കോമൺ സർവ്വീസിലെയും ജീവനക്കാരുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിന് തിരുവനന്തപുരം ഐ.എം.ജി., തൃശ്ശൂർ കില എന്നീ സ്ഥാപനങ്ങൾ മുഖേന നടത്തുന്ന പരിശീലന പരിപാടികൾക്ക് നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 5,00,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

2217-80-800-76 —<u>അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി</u>

സാമ്പത്തിക വർഷത്തിൽ 100 ദിവസം തൊഴിൽ നൽകുന്നതിന് നിലവിലുള്ള വിഹിതം അപര്യാപ്തമാണെന്ന് നിരീക്ഷിച്ച സമിതി, മേൽ ശീർഷകത്തിൽ 25 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു

2217-80-800-71—<u>നഗരങ്ങളിലെ ഖരമാലിന്യ സംസ്കരണ സംവിധാനം</u>

ഖരമാലിന്യ സംസ്കരണ സംവിധാനം ശുചിത്വ മിഷൻ മുഖേന നടപ്പിലാക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് നിരീക്ഷിച്ച സമിതി, മേൽ ശീർഷകത്തിൽ 11 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു

2217-80-800-69—<u>നഗരപ്രദേശങ്ങളിൽ രാത്രികാല അഭയകേന്ദ്രങ്ങൾ നിർമ്മിക്കൽ</u>

അന്യനാട്ടുകളിൽ നിന്നും തൊഴിലിനായും മറ്റ് ആവശ്യങ്ങൾക്കായും കേരളത്തിലെ നഗരങ്ങളിൽ എത്തുന്ന കുറഞ്ഞ വരുമാനക്കാർക്ക് രാത്രികാല അഭയ കേന്ദ്രങ്ങൾ ഒരുക്കുന്നതിനായി ബജറ്റിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2217-05-800-72—<u>ഹരിതകേരളം മിഷൻ (നഗരം)</u>

ജലവിഭവ സംരക്ഷണവും മാലിന്യ സംസ്കരണവും ജൈവ പച്ചക്കറി കൃഷിയും കോർത്തിണക്കി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ഹരിതകേരളം പദ്ധതിക്ക് നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് നിരീക്ഷിച്ച സമിതി, മേൽ ശീർഷകത്തിൽ 9 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു

2217-05-192-77—<u>ശബരിമല തീർത്ഥാടനത്തിനുള്ള പ്രത്യേക ഗ്രാന്റ്</u>

തീർത്ഥാടനവുമായി ബന്ധപ്പെട്ട മുനിസിപ്പാലിറ്റികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് ബജറ്റിൽ വകയിരുത്തിയ വിഹിതം അപര്യാപ്തമാണെന്ന് നിരീക്ഷിച്ച സമിതി, മേൽ ശീർഷകത്തിൽ 1 കോടി 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2217-05-051-98—<u>പുതിയതായി രൂപീകരിച്ച മുനിസിപ്പാലിറ്റികൾക്ക് കെട്ടിടനിർമ്മാണം</u>

പുതുതായി രൂപംകൊണ്ട മുനിസിപ്പാലിറ്റികളിൽ കെട്ടിടവും അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നതിന് നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമാണെന്ന് നിരീക്ഷിച്ച സമിതി, മേൽ ശീർഷകത്തിൽ 17 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

ധനാഭ്യർത്ഥന XXVIII - പലവക സാമ്പത്തിക സർവ്വീസുകൾ എന്നയിനം സമിതി പരിഗണിച്ചെങ്കിലും പ്രസ്തുത വകുപ്പ് അധിക തുകയൊന്നും ആവശ്യപ്പെട്ടിട്ടില്ലാത്ത സാഹചര്യത്തിൽ ഇതുസംബന്ധിച്ച ശിപാർശകളൊന്നും നൽകേണ്ടതില്ലെന്ന് തീരുമാനിച്ചു

## ധനാഭ്യർത്ഥന XXXV-പഞ്ചായത്ത്

2515-00-101-63—<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ട്രിബ്യൂണൽ</u>

2515-00-101-63-01-4—<u>മെഡിക്കൽ റീഇംബേഴ്സ്മെന്റ്</u>

നിലവിലുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈയിനത്തിൽ 2,00,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2515-00-101-63-02—<u>വേജസ്</u>

നിലവിലുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 1,50,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2515-00-101-63-04-1—<u>യാത്രാബത്ത</u>

നിലവിലുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 2,00,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2515-00-101-63-04-4—<u>അവധിക്കാല യാത്രാനുകൂല്യം</u>

നിലവിലുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 3,96,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2515-00-101-63-05-1 —<u>വാട്ടർ ചാർജ്ജസ്</u>

നിലവിലുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 3,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

2515-00-101-63-05-3—<u>ടെലിഫോൺ ചാർജ്ജസ്</u>

നിലവിലുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 22,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2515-00-101-63-05-4—<u>മറ്റിനങ്ങൾ</u>

നിലവിലുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 24,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2515-00-101-63-21-2—<u>മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

നിലവിലുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 43,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2515-00-101-63-34-3—<u>മറ്റിനങ്ങൾ</u>

നിലവിലുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 1,00,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2515-00-101-63-99—<u>വിവരസാങ്കേതിക വിദ്യ</u>

നിലവിലുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 5,00,000 രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

2515-00-101-68—<u>ശുചിത്വകേരളം</u>

ശുചിത്വകേരളം പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുള്ള വിഹിതം പര്യാപ്തമല്ലാത്തതിനാൽ മഴക്കാല പൂർവ്വ കാംപെയിൻ ചെലവുകൾക്കായി 12,96,00,000 രൂപയും (12 കോടി 96 ലക്ഷം), ശുചിത്വമിഷന്റെ ഭരണപരമായ ചെലവുകൾക്കായി 1,00,00,000 രൂപയും (1 കോടി), ഖര ദ്രവ മാലിന്യ പരിപാലനം, ഗാർഹിക ശുചീകരണം, സാമൂഹിക പരിസ്ഥിതി ശുചീകരണം എന്നീ ചെലവുകൾക്കായി 5,96,20,000 രൂപയും (5 കോടി 96 ലക്ഷത്തി ഇരുപതിനായിരം) മേൽ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4515-00-800-98(02)—<u>പി.എം.ജി.എസ്.വൈ. പദ്ധതികൾക്കുള്ള ധനസഹായം (സംസ്ഥാന വിഹിതം)</u>

സംസ്ഥാന വിഹിതമായി മേൽ ശീർഷകത്തിൽ 14.67 കോടി രൂപ (14 കോടി 67 ലക്ഷം) അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4515-00-800-98(03)—<u>പി.എം.ജി.എസ്.വൈ. പദ്ധതികൾക്കുള്ള ധനസഹായം (അധിക സംസ്ഥാന വിഹിതം)</u>

സംസ്ഥാന വിഹിതമായി മേൽ ശീർഷകത്തിൽ 3 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

### ധനാഭ്യർത്ഥന XLVI-സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും

2235-02-101-92—<u>അംഗവൈകല്യമുള്ളവർക്കും, മന്ദബുദ്ധികൾക്കുമായുള്ള പ്രത്യേക പെൻഷൻ പദ്ധതി</u>

ക്ഷേമ പെൻഷൻ നിരക്ക് 1000 രൂപയിൽ നിന്ന് 1100 രൂപയായും 1100 രൂപയിൽ നിന്ന് 1300 രൂപയായും വർദ്ധിപ്പിക്കുന്നതിനും ഗുണഭോക്താക്കളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവും കാരണം നിലവിലെ വിഹിതം പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 49.9919 കോടി രൂപ (49 കോടി 99 ലക്ഷത്തി പത്തൊൻപതിനായിരം) അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2235-60-102-99—<u>അഗതികൾക്കുള്ള പെൻഷൻ</u>

അഗതികൾക്കുള്ള ക്ഷേമപെൻഷൻ നിരക്ക് 800 രൂപയിൽ നിന്ന് 1000 രൂപയായി വർദ്ധിപ്പിക്കുന്നതിനും പെൻഷൻ ഗുണഭോക്താക്കളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവും കാരണം നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 10,69,57,000 രൂപ (10 കോടി 69 ലക്ഷത്തി അൻപത്തേഴായിരം രൂപ) അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2235-60-102-98—<u>കർഷക തൊഴിലാളി പെൻഷൻ</u>

കർഷക തൊഴിലാളി ക്ഷേമ പെൻഷൻ നിരക്ക് 600 രൂപയിൽ നിന്ന് 1000 രൂപയായി വർദ്ധിപ്പിക്കുന്നതിനും, ഗുണഭോക്താക്കളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവും കണക്കിലെടുക്കുമ്പോൾ നിലവിലെ വിഹിതം പര്യാപ്തമല്ലെന്ന് നിരീക്ഷിച്ച സമിതി, മേൽ ശീർഷകത്തിലേക്ക് 2505 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2235-60-102-97—<u>ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതി</u>

ദേശീയ വാർദ്ധക്യകാല പെൻഷൻ നിരക്ക് 1000 രൂപയിൽ നിന്ന് 1100 രൂപയായി വർദ്ധിപ്പിക്കുന്നതിനും ഗുണഭോക്താക്കളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവും 75 വയസ്സിന് മേൽ പ്രായമുള്ള ഗുണഭോക്താക്കൾക്ക് പെൻഷൻ 1500 രൂപയായി വർദ്ധിപ്പിച്ചതും കാരണം നിലവിലെ വിഹിതം പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 24,45,35,88,000 രൂപ (2445 കോടി 35 ലക്ഷത്തി എൺപത്തെണ്ണായിരം രൂപ) അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

2235-60-102-96—<u>സാമൂഹ്യസുരക്ഷിതത്വ പദ്ധതിയനുസരിച്ച് 50 വയസ്സിനുമേൽ പ്രായമുള്ളവർക്കുള്ള പെൻഷൻ പദ്ധതി</u>

ക്ഷേമ പെൻഷൻ നിരക്ക് 800 രൂപയിൽ നിന്ന് 1000 രൂപയായി വർദ്ധിപ്പിക്കുന്നതിനും ഗുണഭോക്താക്കളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവും കാരണം നിലവിലെ വിഹിതം പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 48.07 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

(യോഗം ഉച്ചയ്ക്കുശേഷം 3.45 ന് പിരിഞ്ഞു)

---

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2017

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.